20
2026
ഒക്ടോബർ
ചൊവ്വ
തുലാം 03

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 195 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-195 പേജ് 4. വില 2.00 രൂപ

02 അരിവില കുതിക്കുന്നു; ഒരാഴ്ചയ്ക്കിടെ 12 രൂപ വരെ വർധന

03 കനേഡിയൻ സൈനിക താവളത്തിൽ വൻ തീപിടിത്തം; നിരവധിപ്പേർ മരിച്ചു

04 പാരാ ഏഷ്യൻ ഗെയിംസ്; ഷൂട്ടിംഗിൽ ഇന്ത്യയ്ക്ക് ഇരട്ടത്തിളക്കം

# വൈദ്യുതി ബില്ലിൽ വീണ്ടും ഷോക്ക്

## നിരക്ക് വർധനയും പുതിയ സർചാർജും വരുന്നു

തിരുവനന്തപുരം: സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർധിപ്പിക്കാൻ തീരുമാനം. പുതിയ താരിഫ് നയം റെഗുലേറ്ററി കമ്മീഷൻ വിജ്ഞാപനം ചെയ്തു. 2027 ഏപ്രിൽ മുതൽ സംസ്ഥാനത്ത് പുതിയ വൈദ്യുതി നിരക്ക് നിലവിൽ വരും. അടുത്ത വർഷം മുതൽ പുതിയ സർചാർജുകളും ഏർപ്പെടുത്തും. കെഎസ്ഇബിയുടെ മുൻകാല നഷ്ടം 5,000 കോടി രൂപ വരുമെന്നാണ് കണക്കാക്കുന്നത്.



ഈ സാമ്പത്തിക ബാധ്യതയും ഹ്രസ്വകാല കരാറുകളിലെ അധിക ബാധ്യതകളും ഉപഭോക്താക്കളെ ബാധിക്കുന്ന തരത്തിലാണ് പുതിയ നയത്തിൻറെ ഘടന. ഇതിൻറെ ഭാഗമായി ഇന്ധന സർചാർജും നിരക്കിൽ ഉൾപ്പെടുത്തും. കൂടാതെ വൈദ്യുതി ഉപയോഗിക്കുന്ന പീക്ക് സമയത്തിലും മാറ്റം വരുത്തിയിട്ടുണ്ട്. വൈകുന്നേരം ആറു മുതൽ രാത്രി 11.30 വരെയാണ് പുതിയ പീക്ക് സമയം നിശ്ചയിച്ചിരിക്കുന്നത്. നേരത്തെ ഇത് വൈകുന്നേരം ആറു മുതൽ രാത്രി 10 വരെയായിരുന്നു. ഈ സമയങ്ങളിലെ ഉയർന്ന വൈദ്യുതി ഉപഭോഗത്തിന് നിരക്കിൽ വലിയ മാറ്റങ്ങൾ ഉണ്ടായേക്കാം. രാത്രി 11.30 മുതൽ രാവിലെ എട്ടുവരെ ഓഫ് പീക്ക് ടൈം ആയിരിക്കും. പുതിയ പീക്ക് സമയ ക്രമത്തിനനുസരിച്ച് നിലവിൽ സംസ്ഥാനത്ത് വെച്ചിട്ടുള്ള സ്മാർട്ട് മീറ്ററുകൾ, ടിഒഡി മീറ്ററുകൾ, എബിഡി മീറ്ററുകൾ എന്നിവയ്ക്കും നിരക്ക് ബാധകമാകും.

പകൽ സമയങ്ങളിൽ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നവർക്ക് നിരക്ക് കുറക്കാനുമുള്ള നിർദ്ദേശം വിതരണ കമ്പനിക്ക് നൽകാമെന്നും റെഗുലേറ്ററി കമ്മീഷൻറെ ഉത്തരവിൽ പറയുന്നു. പുതിയ സർക്കാർ അധികാരത്തിലേറിയതിന് പിന്നാലെ സംസ്ഥാന വ്യാപകമായി വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. ഇതിന് പിന്നാലെയാണ് പുതിയ നിരക്ക് ഈടാക്കാൻ നീക്കം നടക്കുന്നത്. സർചാർജ് വർധിപ്പിച്ച് 5000 കോടിയുടെ നഷ്ടം നികത്താനാണ് പദ്ധതിയിടുന്നത്.

## ട്രെയിനിലും റെയിൽവേ സ്റ്റേഷനിലും ഉച്ചത്തിൽ പാട്ടും സംസാരവും വേണ്ട; ഇനി ആയിരം രൂപ പിഴ

ന്യൂഡൽഹി: ട്രെയിനുകളിലും റെയിൽവേ സ്റ്റേഷനുകളിലും ഉച്ചത്തിൽ പാട്ടുകളും വീഡിയോകളും കേൾക്കുന്നവർക്കും ഫോണിൽ ഉറക്കെ സംസാരിക്കുന്നവർക്കും എതിരെ കർശന നടപടിയുമായി റെയിൽവേ. നിയമം ലംഘിക്കുന്ന യാത്രക്കാരിൽ നിന്ന് 1000 രൂപ പിഴ ഈടാക്കുകയോ ആറുമാസം വരെ തടവോ അല്ലെങ്കിൽ രണ്ടും കൂടിയോ ശിക്ഷയായി ലഭിക്കാം. മാത്രമല്ല, ചട്ടം ലംഘിക്കുന്നവരെ സ്റ്റേഷനിൽ നിന്നും ട്രെയിനിൽ നിന്നും പുറത്താക്കുമെന്നും അധികൃതർ വ്യക്തമാക്കി.യാത്രക്കാർ സ്പീക്കർ ഫോണിൽ പാട്ടുകളും മറ്റ് ഓഡിയോകളും കേൾക്കുന്നത് സഹയാത്രക്കാർക്ക് വലിയ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുവെന്ന നിരവധി പരാതികൾ ലഭിച്ചതിനെ തുടർന്നാണ് ദക്ഷിണ റെയിൽവേ നടപടികൾ കടുപ്പിച്ചത്.

പ്രാദേശിക ഭാഷകളിലും ഹിന്ദിയിലും ഇംഗ്ലീഷിലുമായി യാത്രക്കാർക്ക് നിർദേശങ്ങൾ നൽകുന്നതിനായി അനൗൺസ്മെൻറുകൾ നടത്താനും സ്റ്റേഷനുകളിൽ നോട്ടിസുകൾ പ്രദർശിപ്പിക്കാനും നിർദേശം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള റിപ്പോർട്ട് ഒക്ടോബർ ഇരുപതിനകം സമർപ്പിക്കാൻ വിവിധ ഡിവിഷനുകൾക്ക് റെയിൽവേ നിർദേശം നൽകിയിട്ടുണ്ട്.യാത്രക്കാർ പാട്ടുകളോ മറ്റ് ശബ്ദങ്ങളോ കേൾക്കാൻ നിർബന്ധമായും ഇയർഫോണുകൾ ഉപയോഗിക്കണമെന്ന് റെയിൽവേ ആഭ്യർഥിച്ചു. നിർദേശം ലംഘിക്കുന്നവർക്കെതിരെ റെയിൽവേ ആക്ട് 145 (2) വകുപ്പ് അനുസരിച്ചാണ് കേസെടുക്കുന്നത്.

## വല വെള്ളാരംകല്ലിൽ കുടുങ്ങി; അപകടവക്കിൽ മത്സ്യത്തൊഴിലാളികൾ

കൊല്ലം: കൊയിലാണ്ടി ഹാർബറിൽ നിന്നും മത്സ്യബന്ധനത്തിന് പോയ വഞ്ചി വലയിടുന്നതിടെ ഒഴുക്കുകാരണം കടലിലെ വെള്ളാരംകല്ലിൽ കുടുങ്ങി. ഇന്ന് രാവിലെയായിരുന്നു സംഭവം. സമീപത്തുണ്ടായിരുന്ന മറ്റൊരു വഞ്ചിയിലെ മത്സ്യത്തൊഴിലാളികൾ കൃത്യസമയത്ത് ഇടപെട്ടതിനാൽ വലിയ അപകടം ഒഴിവായി.

കൊയിലാണ്ടി ഹാർബറിൽ നിന്ന് കടലിൽ പോയ അൽ മിസ്ക്ക് എന്ന വഞ്ചിയാണ് അപകടത്തിൽപ്പെട്ടത്. 35ഓളം മത്സ്യത്തൊഴിലാളികളാണ് വഞ്ചിയിലുണ്ടായിരുന്നത്. എല്ലാവരും സുരക്ഷിതരാണ്.20 നോട്ടിക്കൽ മൈൽ ദൂരത്തിൽവെച്ചായിരുന്നു സംഭവം. വല അടിച്ചപ്പോൾ വെള്ളത്തിൻറെ ഒഴുക്കുകാരണം വെള്ളാരംകല്ലിൻറെ അടുത്തേക്ക് നീങ്ങിപ്പോകുകയായിരുന്നു. സമീപത്തുണ്ടായിരുന്ന നിസർഗ ചെറിയമങ്ങാട് എന്ന വഞ്ചിയിലെ തൊഴിലാളികളാണ് അപകടത്തിൽപ്പെട്ടവരെ രക്ഷിച്ചത്. തൊഴിലാളികളെയും വഞ്ചിയും സുരക്ഷിതമായി കരയ്ക്കെത്തിച്ചു.

## ട്രംപിനെ ധിക്കരിച്ച് യുക്രെയ്ൻ റഷ്യയിലേക്ക് ആയിരം ഡ്രോണുകൾ

സെൻറ് പീറ്റേഴ്സ്ബെർഗ്: അമേരിക്കൻ പ്രസിഡൻറ് ട്രംപിനെ വെല്ലുവിളിച്ച് യുക്രെയ്ൻസേന റഷ്യയിൽ വൻ ഡ്രോൺ ആക്രമണം നടത്തി. ശനിയാഴ്ച രാത്രി ആയിരത്തിലധികം ഡ്രോണുകളാണ് യുക്രെയ്ൻ സേന തൊടുത്തത്. യുക്രെയ്ൻറെ 1,015 ഡ്രോണുകൾ വെടിവച്ചിട്ടുവെന്നാണ് റഷ്യൻ പ്രതിരോധ മന്ത്രാലയം അറിയിച്ചത്. റഷ്യൻ സാംസ്കാരിക തലസ്ഥാനമായ സെൻറ് പിറ്റേഴ്സ്ബെർഗിലെ ഇന്ധന ടെർമിനലിൽ വൻ തീപിടിത്തമുണ്ടായി. വർഷം 1.25 കോടി ടൺ എണ്ണ കയറ്റുമതി ചെയ്യുന്ന ടെർമിനലാണിത്. റഷ്യൻ ഇ-കൊമേഴ്സ് കന്പനിയായ ഓസോണിൻറെ സെൻറ് പീറ്റേഴ്സ്ബെർഗിലെ ഗോഡൗണും ആക്രമിക്കപ്പെട്ടു. നഗരത്തിലെ പാർപ്പിട കേന്ദ്രങ്ങളിലും നാശമുണ്ടായി. സെൻറ് പീറ്റേഴ്സ്ബെർഗിൽ ഒരാൾ കൊല്ലപ്പെടുകയും അഞ്ചു പേർക്കു പരിക്കേൽക്കുകയും ചെയ്തുവെന്നാണ് അറിയിപ്പ്.യുക്രെയ്ൻ പ്രസിഡൻറ് സെലൻസ്കിയും അമേരിക്കൻ പ്രസിഡൻറ് ട്രംപും തമ്മിലുള്ള ബന്ധം ഏറെ വഷളായിരിക്കുന്ന ഘട്ടത്തിലാണ് ഇത്ര വലിയ ആക്രമണം. യുക്രെയ്ൻ സേന റഷ്യൻ റിഫൈനറികളെ ആക്രമിക്കരുതെന്ന് ട്രംപ് ഭരണകൂടം നിർദേശിച്ചിരുന്നു. യുഎസിൽ ഇടക്കാല തെരഞ്ഞെടുപ്പ് അടുത്തിരിക്കേ ഇന്ധനവില പിടിച്ചുനിർത്താൻവേണ്ടിയാണ് ട്രംപിൻറ നീക്കങ്ങൾ.

റഷ്യയിൽനിന്ന് ഡീസൽ ഇറക്കുമതി ചെയ്യാനും ട്രംപ് കരാറുണ്ടാക്കിയിട്ടുണ്ട്. സെലൻസ്കി ഇക്കാര്യത്തിൽ നിശിത വിമർശനം ഉന്നയിച്ചിരുന്നു.

## കോവളം സ്പായിലെ ലൈംഗിക അതിക്രമം: ഇരയായ പെൺകുട്ടിയെ വിറ്റ ഇളയമ്മയും ഇളയച്ഛനും അറസ്റ്റിൽ

തിരുവനന്തപുരം: സ്പായിലെ ലൈംഗികാതിക്രമത്തിൽ ഇരയായ പെൺകുട്ടിയെ വിൽപ്പന നടത്തിയ ഇളയമ്മയും ഇളയച്ഛനും അറസ്റ്റിൽ. ആന്ധ്രാ സ്വദേശിനിയായ പതിനാറുകാരിയുടെ ഇളയച്ഛനെയും ഇളയമ്മയെയും കോവളം പൊലിസ് അറസ്റ്റ് ചെയ്തു. ഇരുവരെയും ഇന്ന് തിരുവനന്തപുരത്തെത്തിക്കും.ചെന്നൈയിലെ സ്പായിലും കോവളത്തെയും വിഴിഞ്ഞത്തെയും സ്പാകളിലും പെൺകുട്ടിയെ വിൽപ്പന നടത്തിയത് ഇളയമ്മയാണെന്ന് പൊലിസിൽ മൊഴി നൽകിയിരുന്നു. ഇതിനിടെ നിരവധി തവണ ലൈംഗിക പീഡനത്തിനിരയായി. കോവളത്തും വിഴിഞ്ഞത്തും സ്പായിൽ ജോലി ചെയ്യവെ ഇളയമ്മ നിർബന്ധിക്കുമായിരുന്നു.മറ്റ് മാർഗമില്ലാത്തതിനാൽ ജോലിക്ക് പോകുകയായിരുന്നു. ഇതിനിടെയാണ് സ്പായിലെ ഒരു ജീവനക്കാരനുമായി പെൺകുട്ടി പ്രണയത്തിലായത്. ഇളയമ്മ പോലീസിൽ പെൺകുട്ടിയെ കാണാനില്ലെന്ന് കാട്ടി പരാതി നൽകിയിരുന്നു.യുവാവിനെ സംശയിക്കുന്നുവെന്നായിരുന്നു പരാതി. നെയ്യാർഡാം സ്വദേശിയായ യുവാവിൻറെ വീട്ടിൽ നിന്നു പൊലിസ് പെൺകുട്ടിയെ കണ്ടെത്തി രേഖകൾ പരിശോധിച്ചു.ആധാറിൽ ഇരുപത് വയസ് രേഖപ്പെടുത്തിയിരുന്നതിൽ സംശയം തോന്നിയ പൊലിസ് പെൺകുട്ടി പഠിച്ച ആന്ധ്രാ പ്രദേശിലെ സ്കൂൾ രേഖകൾ പരിശോധിച്ചപ്പോൾ പതിനാറ് വയസ് മാത്രമായിരുന്നു. ഇതേ തുടർന്ന് പൊലിസ് പെൺകുട്ടിയെ സുരക്ഷിത സ്ഥലത്തേക്ക് മാറ്റി പാർപ്പിച്ചു.

അവിടെ നടത്തിയ കൗൺസിലിംഗിലാണ് പെൺകുട്ടി തനിക്ക് നേരിട്ട പീഡന വിവരങ്ങൾ വെളിപ്പെടുത്തിയത്. തിരുവനന്തപുരത്തുണ്ടായിരുന്ന ഇളയമ്മയും ഇളയച്ഛനും പീഡന വിവരം പെൺകുട്ടി പറഞ്ഞതോടെ ആന്ധ്രയിലേക്ക് കടന്നിരുന്നു. പോലീസ് സംഘം ആന്ധ്രയിൽ എത്തി ഇരുവരെയും അറസ്റ്റ് ചെയ്യുകയായിരുന്നു.

## മദ്യനയത്തിൽ മാറ്റത്തിന് കളമൊരുങ്ങുന്നു; പഴയ ചട്ടങ്ങൾ പൊളിച്ചെഴുതും

തിരുവനന്തപുരം: യുഡിഎഫ് സർക്കാരിൻറെ മദ്യനയം അടുത്ത മാസം പ്രഖ്യാപിക്കും. എൽഡിഎഫ് സർക്കാർ കൊണ്ടുവന്ന മദ്യച്ചട്ടങ്ങളിലും നിയമഭേദഗതികളിലും മാറ്റമുണ്ടാകുമെന്ന് മന്ത്രി എം. ലിജു വ്യക്തമാക്കി.



ബേക്കറികൾ വഴി ഹോർട്ടിവൈൻ വിൽക്കാൻ അനുമതി നൽകിയ വിദേശമദ്യച്ചട്ട ഭേദഗതി പിൻവലിക്കുമെന്നും സൂചനയുണ്ട്. ചാലക്കുടിയിലെ ബേക്കറിക്ക് 15.5 ശതമാനം വീര്യമുള്ള ഹോർട്ടിവൈൻ വിൽക്കാൻ ജൂണിൽ ലൈസൻസ് അനുവദിച്ച വിവരം എക്സൈസ് മന്ത്രിയും മുഖ്യമന്ത്രിയും അറിഞ്ഞിരുന്നില്ലെന്നാണ് റിപ്പോർട്ട്.

വാർത്ത പുറത്തുവന്നതിനു പിന്നാലെ എക്സൈസ് കമ്മീഷണറുടെ ഉത്തരവ് മരവിപ്പിച്ചു. സർക്കാരിൻറെ പുതിയ മദ്യനയം പ്രഖ്യാപിക്കുന്നതുവരെയാണ് ഉത്തരവ് മരവിപ്പിച്ചിരിക്കുന്നത്. എൽഡിഎഫ് സർക്കാർ കൊണ്ടുവന്ന വിദേശ മദ്യച്ചട്ട ഭേദഗതിയിലൂടെയാണ് 10 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള ബേക്കറികൾ, മാളുകൾ, സൂപ്പർമാർക്കറ്റുകൾ, ഹൈപ്പർമാർക്കറ്റുകൾ എന്നിവിടങ്ങളിൽ ഹോർട്ടിവൈൻ വിൽക്കാൻ അനുമതി നൽകിയത്. എന്നാൽ ബേക്കറികളിൽ വീര്യമുള്ള വൈൻ വിൽക്കുന്നത് അംഗീകരിക്കാനാവില്ലെന്നാണ് യുഡിഎഫിൻറെ നിലപാടെന്ന് മന്ത്രി വ്യക്തമാക്കി.

മദ്യനയത്തിലെ പ്രധാന മാറ്റങ്ങൾ മുന്നണി ചർച്ചകൾക്ക് ശേഷമായിരിക്കും തീരുമാനിക്കുക.

ബാറുകളുടെ പ്രവർത്തന സമയം കുറയ്ക്കൽ, ഹോർട്ടിവൈൻ, ഹോർട്ടി ലിക്കർ, വീര്യം കുറഞ്ഞ മദ്യത്തിൻറെ വിൽപ്പനാനുമതി തുടങ്ങിയ വിഷയങ്ങളിൽ യുഡിഎഫ് അന്തിമ തീരുമാനമെടുക്കും. വീര്യം കുറഞ്ഞ മദ്യത്തിൻറെ കാര്യത്തിൽ നിലപാട് രൂപീകരിക്കാൻ ഉപസമിതി വേണമെന്ന ധാരണ മുന്നണിയോഗത്തിലുണ്ടായെങ്കിലും അംഗങ്ങളെ ഇതുവരെ തീരുമാനിച്ചിട്ടില്ല.

സർക്കാർ മദ്യനയം വ്യക്തമാകുന്നതിന് മുമ്പ് ഫയൽ നീക്കിയെന്ന വിമർശനവും ഹോർട്ടിവൈൻ ലൈസൻസ് വിവാദത്തിൽ ഉയർന്നിട്ടുണ്ട്. ഉദ്യോഗസ്ഥ വീഴ്ചയുണ്ടായെന്ന വിമർശനത്തെ തുടർന്ന് അബ്കാരി വിഭാഗത്തിൻറെ ചുമതലയുള്ള ഡെപ്യൂട്ടി കമ്മീഷണർക്ക് പുതിയ ചുമതല നൽകാതെയാണ് സർക്കാർ മാറ്റിയത്.



# ഇടിവുകാലം കഴിഞ്ഞു, രണ്ടാംദിനവും മേലേക്ക്; പവന് കൂടിയത് 280 രൂപ

കൊച്ചി: സംസ്ഥാനത്ത് സ്വർണവില രണ്ടാംദിനവും മുകളിലേക്ക്. 22 കാരറ്റ് സ്വർണം ഗ്രാമിന് 35 രൂപയും പവന് 280 രൂപയുമാണ് വർധിച്ചത്. ഇതോടെ, ഒരു ഗ്രാം സ്വർണത്തിന് 13,570 രൂപയിലും പവന് 1,08,560 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണം ഗ്രാമിന് 30 രൂപ ഉയർന്ന് 11,105 രൂപയിലെത്തി.

സ്വർണവിലയിലെ ഇടിവുകാലത്തിന് വിരാമമിട്ട് ശനിയാഴ്ച മുകളിലേക്ക് കയറിയിരുന്നു. ഗ്രാമിന് 20 രൂപയും പവന് 160 രൂപയുമാണ് വർധിച്ചത്. നാലു ദിവസം കൊണ്ട് പവന് 2,920 രൂപ കുറഞ്ഞ ശേഷമാണ് ശനിയാഴ്ച തിരിച്ചുകയറിയത്.

ഓണക്കാല ഇടിവിൽ ഒരാഴ്ചയ്ക്കിടെ പവന് 8,800 രൂപയോളം ഇടിഞ്ഞ ശേഷമാണ് സ്വർണവിലയിൽ ചാഞ്ചാട്ടം ദൃശ്യമായത്. ഓഗസ്റ്റ് തുടക്കത്തിൽ പവന് 1,05,600 രൂപയായിരുന്നു സ്വർണവില. പിന്നീട് കുതിപ്പും കിതപ്പുമാണ് ദൃശ്യമായത്. ഈ വർഷം ജനുവരി 29ന് കുറിച്ച ഗ്രാമിന് 16,395 രൂപയും പവന് 1.31 ലക്ഷം രൂപയുമാണ് സംസ്ഥാനത്തിൻറെ ചരിത്രത്തിലെ എക്കാലത്തെയും ഉയർന്ന സ്വർണവില.ഇന്ത്യയിൽ സ്വർണ ഇറക്കുമതിച്ചുങ്കം കൂട്ടിയതോടെ മേയ് 13 ന് ഒറ്റയടിക്ക് സ്വർണവില 10,200 രൂപയോളം വർധിച്ച് ആ മാസത്തിലെ ഏറ്റവും കൂടിയ നിരക്കായ 1,23,120 രൂപയിലെത്തിയിരുന്നു. പിന്നീട് വില മാറിമറിയുകയാണ്.

ജനുവരി 29ന് പവൻവില സർവകാല ഉയരം തൊട്ടിരുന്നു. അന്നു ഗ്രാമിന് ഒറ്റയടിക്ക് 1,080 രൂപയും പവന് 8,640 രൂപയും വർധിച്ച സ്വർണവില സർവകാല റിക്കാർഡ് ഭേദിച്ച് ഗ്രാമിന് 16,395 രൂപയും പവന് 1,31,160 രൂപയിലുമെത്തുകയായിരുന്നു.

പുതുവർഷത്തിൽ കുതിപ്പോടെ തുടങ്ങിയ സ്വർണവില ജനുവരി അഞ്ചിന് പവന് ഒറ്റയടിക്ക് 1,160 രൂപയും ഗ്രാമിന് 145 രൂപയും വർധിച്ച് വീണ്ടും ഒരു ലക്ഷം പിന്നിട്ടിരുന്നു. ഇതിനു പിന്നാലെയാണ് വൻ കുതിപ്പുമായി മുന്നോട്ടുപോയത്. 2025 ജനുവരിയിൽ 57,000 രൂപ മാത്രമായിരുന്ന വിലയാണ് വർഷാവസാനം ലക്ഷം ഭേദിച്ചത്.

# ഒരാൾ നിരന്തരം മുഖ്യമന്ത്രിയെ വിമർശിക്കുന്നുണ്ടെങ്കിൽ, അതിനു പിന്നിൽ ആരോ ഉണ്ട്; ഒളിയമ്പുമായി കെ.മുരളീധരൻ

തിരുവനന്തപുരം: മുഖ്യമന്ത്രി വി.ഡി.സതീശനെതിരെ തുടർച്ചയായി വിമർശനം ഉന്നയിക്കുന്ന യുഡിഎഫ് കൺവീനർ അടൂർ പ്രകാശിനെതിരെ പരോക്ഷ വിമർശനവുമായി മന്ത്രി കെ. മുരളീധരൻ. ഒരാൾ നിരന്തരം മുഖ്യമന്ത്രിയെ വിമർശിക്കുന്നുണ്ടെങ്കിൽ അതിന് പിന്നിൽ മറ്റാരോ ഉണ്ട്. എന്നാൽ ആരാണ് ഇതിന് പിന്നിലെന്ന് ഇപ്പോൾ പറയുന്നില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

മാസപ്പടി കേസിൽ സർക്കാരിൻറെ നിലപാടിനെച്ചൊല്ലി കോൺഗ്രസിനുള്ളിലെ തർക്കം രൂക്ഷമാകുന്നതിനിടെയാണ് മുരളീധരൻറെ പ്രതികരണം. അടൂർ പ്രകാശിൻറെയും മാത്യു കുഴൽനാടൻറെയും പരസ്യ വിമർശനങ്ങൾ ആസൂത്രിതമാണെന്ന ആരോപണവും വി.ഡി. സതീശനെ അനുകൂലിക്കുന്ന വിഭാഗം ശക്തമാക്കുന്നുണ്ട്. സർക്കാരിൻറെ പ്രധാന തീരുമാനങ്ങളിലൊന്നും മുഖ്യമന്ത്രി കൂടിയാലോചന നടത്തുന്നില്ലെന്നായിരുന്നു അടൂർ പ്രകാശിൻറെ ആരോപണം.

എഐസിസി അധ്യക്ഷന് പരാതി നൽകിയ ശേഷവും അദ്ദേഹം പരസ്യ വിമർശനം ആവർത്തിച്ചിരുന്നു. വിമർശിച്ചതിൻറെ പേരിൽ തന്നെ പുകച്ച് പുറത്താക്കാൻ ശ്രമിക്കുന്നുവെന്ന ആരോപണവും അടൂർ പ്രകാശ് ഉന്നയിച്ചിരുന്നു. കാബിനറ്റ് പദവികളുമായി ബന്ധപ്പെട്ട തീരുമാനങ്ങളിൽ പാർട്ടിക്കുള്ളിൽ അഭിപ്രായം പറയുമെന്ന കെ.സി.വേണുഗോപാലിൻറെ പ്രതികരണത്തിന് പിന്നാലെയാണ് അടൂർ പ്രകാശ് മുഖ്യമന്ത്രിക്കെതിരെ വീണ്ടും രംഗത്തെത്തിയത്.

ഇതോടെ കോൺഗ്രസിലെ ആഭ്യന്തര തർക്കം കൂടുതൽ ചർച്ചയാകുകയാണ്. മാസപ്പടി കേസിലെ സർക്കാർ സമീപനവും നേതൃത്വത്തിൻറെ തീരുമാനങ്ങളിലെ കൂടിയാലോചനക്കുറവും ഉയർത്തിയുള്ള വിമർശനങ്ങൾക്കു പിന്നിൽ രാഷ്ട്രീയ ലക്ഷ്യങ്ങളുണ്ടെന്നാണ് വി.ഡി.സതീശനെ അനുകൂലിക്കുന്ന വിഭാഗത്തിൻറെ ആരോപണം. അടൂർ പ്രകാശിൻറെ പുതിയ വിമർശനങ്ങൾക്കൊപ്പം ഈ ആരോപണങ്ങളും ശക്തമാകുന്നതോടെ കോൺഗ്രസിലെ ചേരിപ്പോര് വീണ്ടും സജീവമായിരിക്കുകയാണ്.

## മോഷണശ്രമത്തിനിടെ ബൈക്ക് ഓഫ് ആയി; ഓടിച്ചിട്ട് പിടിച്ച് നാട്ടുകാർ

കൊച്ചി: ആലുവയിൽ ബൈക്ക് മോഷ്ടാക്കൾ മോഷണശ്രമത്തിനിടെ പിടിയിൽ. ബൈക്ക് ഓഫ് ആയിപ്പോയതോടെയാണ് മോഷ്ടാക്കൾ പിടിയിലായത്. ആലുവ മില്ലുപടിയിൽ ഷാമോൻ എന്നയാളുടെ കാർ പോർച്ചിൽ നിർത്തിയിട്ടിരുന്ന പൾസർ ബൈക്കാണ് നാലംഗ സംഘം മോഷ്ടിക്കാൻ ശ്രമിച്ചത്.രണ്ടു ബൈക്കുകളിലായി എത്തിയ സംഘം ബൈക്ക് മോഷ്ടിക്കാനായി വീട്ടിലേക്ക് കയറുകയായിരുന്നു. ശബ്ദം കേട്ട് വീട്ടുടമ വാതിൽ തുറന്നപ്പോൾ മോഷ്ടാക്കൾ പരിഭ്രാന്തരാവുകയും ബൈക്ക് ഓഫ് ആയി പോവുകയായിരുന്നു. ഇതോടെ ബൈക്ക് ഉപേക്ഷിച്ച് ഓടിയ മോഷ്ടാക്കളെ നാട്ടുകാർ ഓടിച്ചിട്ട് പിടികൂടുകയായിരുന്നു.രണ്ടു മോഷ്ടാക്കളെ നാട്ടുകാർ പിടികൂടി പൊലിസിൽ ഏൽപ്പിച്ചു. അരുൺ, സ്റ്റെയ്ജിൻ എന്നിവരാണ് പിടിയിലായത്. രക്ഷപ്പെട്ട മറ്റു രണ്ട് പ്രതികൾക്കായി പൊലിസിൻറെ അന്വേഷണം തുടരുകയാണ്.

## അരിവില കുതിക്കുന്നു; ഒരാഴ്ചയ്ക്കിടെ 12 രൂപ വരെ വർധന

സുൽത്താൻ ബത്തേരി: കാലാവസ്ഥാ വ്യതിയാനത്തിൻറെ പശ്ചാത്തലത്തിൽ വിപണിയിൽ അരിവില കുതിച്ചുയരുന്നത് കുടുംബ ബജറ്റുകൾക്ക് തിരിച്ചടിയാകുന്നു. ഒരാഴ്ചയ്ക്കിടെ വിവിധയിനം അരികൾക്ക് കിലോയ്ക്ക് നാല് രൂപ മുതൽ 12 രൂപ വരെയാണ് വില വർധിച്ചത്. ബിരിയാണി അരിക്ക് കിലോയ്ക്ക് 10 രൂപ മുതൽ 20 രൂപ വരെയും വില കൂടി. അരിക്കു പുറമേ മസാലകൾക്കും പച്ചക്കറികൾക്കും വില ഉയർന്നതോടെ സാധാരണക്കാരുടെ അടുക്കള ച്ചെലവും വർധിക്കുകയാണ്.

ഒരാഴ്ച മുന്പ് കിലോയ്ക്ക് 50 രൂപയായിരുന്ന ജയ അരിയുടെ വില 55 രൂപയായി ഉയർന്നു. പൊന്നി അരിക്ക് 60 രൂപയിൽനിന്ന് 68 രൂപയായും പൊന്നി ചൂടിക്ക് 65 രൂപയിൽനിന്ന് 78 രൂപയായും വില വർധിച്ചു. പൊന്നി ഫൈവ് അരിയുടെ വില 60 രൂപയിൽനിന്ന് 68 രൂപയായി. വൈറ്റ് ആൻഡ് വൈറ്റ് അരിക്ക് 50 രൂപയായിരുന്നത് 56 രൂപയിലേക്കും ഉയർന്നു. മന്തി അരിയുടെ വില കിലോയ്ക്ക് 140 രൂപയിലെത്തി.

മലയാളികൾക്ക് പ്രിയപ്പെട്ട ബിരിയാണി അരിയുടെയും വില വർധന ശ്രദ്ധേയമാണ്. ജോക്കർ ബ്രാൻഡ് അരിക്ക് കിലോയ്ക്ക് 80 രൂപയായിരുന്നത് 100 രൂപയായി. മലബാർ, ത്രീമാൻ തുടങ്ങിയ ബ്രാൻഡുകളുടെ ബിരിയാണി അരിക്ക് 180 രൂപയിൽനിന്ന് 190 രൂപയായും ഉയർന്നു. ബിരിയാണി ഉൾപ്പെടെയുള്ള വിഭവങ്ങൾ തയാറാക്കുന്നതിനുള്ള ചെലവും ഇതോടെ വർധിക്കും.

അരിക്കു പുറമേ മസാലകൾ, ബിസ്കറ്റുകൾ, പച്ചക്കറികൾ തുടങ്ങിയവയ്ക്കും വിപണിയിൽ വില കൂടിയിട്ടുണ്ട്. ഭക്ഷ്യവസ്തുക്കളുടെ വിലയിലുണ്ടാകുന്ന തുടർച്ചയായ വർധന സാധാരണക്കാരുടെ പ്രതിമാസ ചെലവുകളെ ബാധിക്കുമെന്ന ആശങ്കയും ശക്തമാണ്.

ആന്ധ്രപ്രദേശ്, കർണാടക, മഹാരാഷ്ട്ര തുടങ്ങിയ പ്രധാന അരി ഉത്പാദക മേഖലകളിലുണ്ടായ കാലാവസ്ഥാ പ്രതികൂല സാഹചര്യങ്ങളും എൽനിനോ പ്രതിഭാസവുമായി ബന്ധപ്പെട്ട വരൾച്ചയും നെല്ലുത്പാദനത്തെ ബാധിച്ചതാണ് വിലവർധനയ്ക്ക് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. കാലാവസ്ഥ അനുകൂലമായില്ലെങ്കിൽ വരും ദിവസങ്ങളിലും അരിവില ഉയരാൻ സാധ്യതയുണ്ടെന്നാണ് വിപണിയിൽനിന്നുള്ള സൂചന.

## മുഖ്യമന്ത്രിയുടെ മണ്ഡലത്തിലെ ഫ്യൂസ് ഊരി; പ്രതി പൂനയിൽ പിടിയിൽ

കൊച്ചി: മുഖ്യമന്ത്രിയുടെ മണ്ഡലമായ പറവൂരിൽ ട്രാൻസ്ഫോമറുകളുടെ ഫ്യൂസ് ഊരിയ സംഭവത്തിലെ പ്രതി പിടിയിൽ. പറവൂർ കൈതാരം സ്വദേശിയായ വിഷ്ണു ആണ് അറസ്റ്റിലായിരിക്കുന്നത്. പൂനയിൽ നിന്നാണ് വിഷ്ണുവിനെ പൊലിസ് അറസ്റ്റ് ചെയ്തത്.ഇക്കഴിഞ്ഞ സെപ്റ്റംബറിലാണ് കൈതാരം നോർത്ത് ട്രാൻസ്ഫോമറിൽ നിന്ന് വിഷ്ണു ഫ്യൂസ് ഊരിയത്. കെഎസ്ഇബി ഏഴിക്കര സെക്ഷൻ അധികൃതർ നൽകിയ പരാതിയിലാണ് പൊലിസ് അന്വേഷണം ആരംഭിച്ചത്. പിന്നാലെ പ്രതി ഒളിവിൽ കഴിയുകയും കേരളം വിട്ടതായും പൊലിസ് കണ്ടെത്തിയിരുന്നു.തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് പ്രതിയെ പൂനെയിൽ നിന്നും പിടികൂടിയത്. സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ചതിലൂടെയാണ് ഫ്യൂസ് ഊരിയ വ്യക്തിയെ പൊലിസ് തിരിച്ചറിഞ്ഞത്. ഇയാൾ ഫ്യൂസ് ഊരുന്നത് സമീപവാസിയായ സ്ത്രീയും നേരിൽ കണ്ടിരുന്നു.പ്രതിയുടെ വീട്ടിലെത്തി കുടുംബാംഗങ്ങളെയും പൊലിസ് ചോദ്യം ചെയ്തിരുന്നു. ഇതിനിടെ അജ്ഞാതർ ഫ്യൂസ് ഊരിയതിനെ തുടർന്ന് മേഖലകളിൽ മണിക്കൂറുകളോളം വൈദ്യുതി മുടങ്ങിയിരുന്നു.

# ഇന്നും ഇടിവെട്ടി മഴപെയ്യും; ഒമ്പത് ജില്ലകളിൽ യെല്ലോ അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നും ശക്തമായ മഴയ്ക്ക് സാധ്യത. ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്നും ചൊവ്വാഴ്ചയും ഇടിമിന്നലോട് കൂടിയ മഴയ്ക്കും മണിക്കൂറിൽ 30 മുതൽ 40 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും ബുധനാഴ്ച മുതൽ വെള്ളിയാഴ്ച വരെ ഇടിമിന്നലോട് കൂടിയ മഴയ്ക്കും മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. ഇന്ന് പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, മലപ്പുറം, കോഴിക്കോട് വയനാട്, കണ്ണൂർ ജില്ലകളിൽ യെല്ലോ അലർട്ടാണ്.

ചൊവ്വാഴ്ച തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലും ബുധനാഴ്ച തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലും വ്യാഴാഴ്ച ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലും വെള്ളിയാഴ്ച തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിലും യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്.

വരുംമണിക്കൂറിൽ കേരളത്തിലെ എല്ലാ ജില്ലകളിലും ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ നേരിയ/ഇടത്തരം മഴയ്ക്കും മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

അതേസമയം, കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് തടസമില്ലെന്നും; വ്യാഴം, വെള്ളി ദിവസങ്ങളിൽ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

വ്യാഴം, വെള്ളി ദിവസങ്ങളിൽ കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ടെന്നും മുന്നറിയിപ്പിൽ പറയുന്നു.

## വിമാനത്തിൽ ബോംബുവച്ചിട്ടുണ്ടെന്ന് 12 – കാരിയുടെ തമാശ; ഹൈദരാബാദ് വിമാനത്താവളത്തിൽ സുരക്ഷാ ജാഗ്രത

ഹൈദരാബാദ്: അഹമ്മദാബാദിൽനിന്ന് ഹൈദരാബാദിലേക്ക് പുറപ്പെട്ട വിമാനത്തിൽ ഏഴാം ക്ലാസ് വിദ്യാർഥി പറഞ്ഞ തമാശ വലിയ പരിഭ്രാന്തിക്ക് കാരണമായി. വിമാനത്തിൽ ബോംബ് വച്ചിട്ടുണ്ടെന്ന് കുട്ടി കൂട്ടുകാരോട് പറഞ്ഞത് കേട്ട കാബിൻ ക്രൂ അംഗം വിവരം പൈലറ്റിനെ അറിയിക്കുകയായിരുന്നു. തുടർന്ന് രാജീവ് ഗാന്ധി അന്താരാഷ്ട്ര വിമാനത്താവളത്തിൽ സുരക്ഷാ ജാഗ്രത പ്രഖ്യാപിച്ചു.

സ്കൂൾ വിനോദയാത്ര കഴിഞ്ഞ് മറ്റ് വിദ്യാർഥികൾക്കും അധ്യാപകർക്കുമൊപ്പം ഹൈദരാബാദിലേക്ക് മടങ്ങുകയായിരുന്ന കുട്ടിയാണ് വിമാനത്തിനുള്ളിൽ 'ബോംബുണ്ട്' എന്ന് സഹപാഠിയോട് തമാശയായി പറഞ്ഞത്.

വിമാനം ഹൈദരാബാദ് വിമാനത്താവളത്തിൽ ലാൻഡ് ചെയ്ത ഉടൻ തന്നെ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് വിശദമായ പരിശോധന നടത്തി. ബോംബ് സ്ക്വാഡും സുരക്ഷാ ഉദ്യോഗസ്ഥരും നടത്തിയ പരിശോധനയിൽ സംശയാസ്പദമായ ഒന്നും കണ്ടെത്താനായില്ല.

പെൺകുട്ടി പ്രായപൂർത്തിയാകാത്തതിനാൽ പൊലിസ് കേസെടുത്തിട്ടില്ല. എന്നാൽ യാതൊരുവിധ ദുരുദേശ്യവുമില്ലാതെ കുട്ടി പറഞ്ഞ തമാശയാണിതെന്ന് പൊലിസ് വ്യക്തമാക്കി. സംഭവത്തിന് ശേഷം കുട്ടിയെ അധ്യാപകർ കൗൺസിലിംഗിന് വിധേയമാക്കി.

# കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ മീറ്റിന് ഇന്നു റോമിൽ തുടക്കം

വത്തിക്കാൻസിറ്റി: ലെയോ പതിനാലാമൻ മാർപാപ്പയുമായുള്ള പ്രത്യേക കൂടിക്കാഴ്ച ഉൾപ്പടെ റോമിൽ നടക്കുന്ന കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ മീറ്റിന് ഇന്ന് വത്തിക്കാനിൽ തുടക്കമാകും.

ജൂലൈ മൂന്നിന് കാക്കനാട് മൗണ്ട് സെൻറ് തോമസിൽ സീറോമലബാർ സഭാ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ കത്തോലിക്ക കോൺഗ്രസ് പ്രസിഡൻറ് രാജീവ് കൊച്ചുപറച്ചിലിന് കൈമാറിയ പതാക, 40 രാജ്യങ്ങളിൽ പ്രയാണം നടത്തി വത്തിക്കാനിലെ സെൻറ് പീറ്റേഴ്സ് സ്ക്വയറിൽ ഏറ്റുവാങ്ങുന്നതോടെ ഗ്ലോബൽ മീറ്റിന് ഔദ്യോഗികമായി തുടക്കം കുറിക്കുമെന്ന് ബിഷപ് ലെഗേറ്റ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ, പ്രസിഡൻറ് രാജീവ് കൊച്ചുപറമ്പിൽ, ജനറൽ സെകട്ടറി ഡോ. ജോസുകുട്ടി ജെ. ഒഴുകയിൽ, ജനറൽ കൺവീനർ ബെന്നി പുളിക്കേക്കര എന്നിവർ അറിയിച്ചു. സീറോമലബാർ സഭയുടെയും 109 വർഷത്തെ പ്രവർത്തനപാരമ്പര്യമുള്ള കത്തോലിക്ക കോൺഗ്രസിൻറെയും ചരിത്രത്തിലെ അവിസ്മരണീയമായ സംഗമമാണ് റോം ഗ്ലോബൽ മീറ്റ്.

നാളെ രാവിലെ സമ്മേളനവേദിയിൽ പ്രസിഡൻറ് പതാക ഉയർത്തും. തുടർന്ന് പ്രതിനിധികൾ അവർ പ്രതിനിധീകരിക്കുന്ന രാജ്യങ്ങളുടെ പതാകകൾ വഹിച്ചുകൊണ്ടുള്ള പ്രയാണത്തിനു ശേഷം സമ്മേളനം മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്യും.

പ്രസിഡൻറ് രാജീവ് കൊച്ചുപറമ്പിൽ അധ്യക്ഷത വഹിക്കും. ആർച്ച്ബിഷപ്പുമാർ, ബിഷപ്പുമാർ, സമുദായ നേതാക്കൾ, മന്ത്രിമാർ തുടങ്ങിയവർ പ്രസംഗിക്കും.

തുടർന്നു നടക്കുന്ന വിവിധ സെഷനുകളിൽ മാർ റാഫേൽ തട്ടിൽ, പൗരസ്ത്യ സഭാ കാര്യാലയം പ്രീഫക്ട് കർദിനാൾ ക്ലോഡിയോ ഗുജറോത്തി, ബിഷപ് ലഗേറ്റ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ, ആർച്ച്ബിഷപ്പുമാരായ മാർ ആൻഡ്രൂസ് താഴത്ത്, മാർ ജോസഫ് പാംപ്ലാനി, മാർ തോമസ് തറയിൽ, ബിഷപ്പുമാരായ മാർ സ്റ്റീഫൻ ചിറപ്പണത്ത്, മാർ ജോയ് ആലപ്പാട്ട്, മാർ ജോസ് കല്ലുവേലിൽ, മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, മാർ പോളി കണ്ണൂക്കാടൻ, മാർ ജോൺ നെല്ലിക്കുന്നേൽ, മാർ ടോണി നീലങ്കാവിൽ, മാർ ജോസഫ് അരുമച്ചാടത്ത് ഉൾപ്പടെ കത്തോലിക്ക കോൺഗ്രസ് ഭാരവാഹികളും മന്ത്രിമാരും ജനപ്രതിനിധികളും പങ്കെടുക്കും.

ആഗോള തലത്തിൽ സമുദായ ശക്തീകരണത്തിൻറെ വ്യത്യസ്ത മേഖലകൾ, പ്രതിസന്ധികൾ, സാധ്യതകൾ, ഗ്ലോബൽ കണക്ടിവിറ്റി, ബിസിനസ് നെറ്റ്വർക്കിംഗ് തുടങ്ങിയവയെ ആസ്പദമാക്കിയുള്ള സെഷനുകൾ, ചർച്ചകൾ, സംവാദങ്ങൾ, നയരൂപീകരണങ്ങൾ എന്നിവ സംഗമത്തിൻറെ ഭാഗമായി നടക്കും. 22ന് ലെയോ പതിനാലാമൻ മാർപാപ്പയുമായുള്ള പ്രത്യേക കൂടിക്കാഴ്ചയും നടക്കും. 23ന് അസീസിയിൽ ലോകസമാധാനത്തിനായി സമ്മേളന പ്രതിനിധികൾ നടത്തുന്ന പ്രാർഥനയോടെ സമ്മേളനം സമാപിക്കും.

ഗ്ലോബൽ മീറ്റ് ചരിത്രസംഭവമാക്കാനുള്ള ക്രമീകരണങ്ങൾ പൂർത്തിയായതായി പ്രസിഡൻറ് രാജീവ് കൊച്ചുപറമ്പിൽ, ഗ്ലോബൽ ഡയറക്ടർ ഫാ. ഡോ. ഫിലിപ്പ് കവിയിൽ, ജനറൽ സെക്രട്ടറി ഡോ. ജോസുകുട്ടി ജെ. ഒഴുകയിൽ, ബെന്നി പുളിക്കേക്കര, ഡേവിസ് എടക്കളത്തൂർ, ബെന്നി ആൻറണി എന്നിവർ അറിയിച്ചു.

# പത്താം വാർഷികം ആഘോഷിച്ച് ഗ്രേറ്റ് ബ്രിട്ടൻ രൂപത

ലണ്ടൻ: ഗ്രേറ്റ് ബ്രിട്ടൻ സീറോമലബാർ രൂപത സ്ഥാപിതമായതിൻറെ പത്താം വാർഷികാഘോഷം ലണ്ടനിലെ ടോൾവർത്തിലുള്ള ഔർ ലേഡി ഇമ്മാക്കുലേറ്റ് പള്ളിയിൽ നടന്നു. കൃതജ്ഞതാബലിയർപ്പണത്തിന് കർദിനാൾ മാർ ജോർജ് കൂവക്കാട് കാർമികത്വം വഹിച്ചു.

ഓരോ വിശ്വാസിയും കണ്ടുമുട്ടലിൻറെയും സംവാദത്തിൻറെയും ശ്ലീഹന്മാരാകണമെന്ന് കർദിനാൾ മാർ ജോർജ് കൂവക്കാട് വചനസന്ദേശത്തിൽ പറഞ്ഞു. ബിഷ് മാർ ജോസഫ് സ്രാമ്പിക്കലിനോടൊപ്പം രൂപതയിലെ വൈദികരും സന്യസ്തരും അല്മായ പ്രതിനിധികളും പങ്കെടുത്തു.

ബ്രിട്ടനിലെ അപ്പോസ്തലിക് നൂൺഷ്യോ ഡോ. മിഗേൽ മൗറി ബുവെൻഡിയാ, വെസ്റ്റ്മിൻസ്റ്റർ ആർച്ച്ബിഷപ് ഡോ. റിച്ചാർഡ് മോത്ത്, ബിർമിങ്ഹാം ആർച്ച്ബിഷപ് ഡോ. ബെർണാഡ് ലോങ്‌ലി, തൃശൂർ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, നോട്ടിംഗ്ഹാം ബിഷപ് ഡോ. പാട്രിക് മാകിന്നി, വെസ്റ്റ്മിൻസ്റ്റർ രൂപത സഹായമെത്രാൻ ഡോ. ജെയിംസ് കെറി എന്നിവർ സഹകാർമികരായിരുന്നു.

തുടർന്നുള്ള സമ്മേളനത്തിൽ സോജൻ ജോസഫ് എംപി, പ്രോട്ടോ സിഞ്ചെല്ലൂസ് ഫാ. ഡോ. ആൻറണി ചുണ്ടെലിക്കാട്ട്, ചാൻസിലർ ഫാ. ഡോ. മാത്യു പിണക്കാട്ട്, ഫിനാൻസ് ഓഫിസർ ഫാ. ജോ മുല്ലശേരി വിസി, വൈസ് ചാൻസിലർ ഫാ. ഫാൻസ്വാ പത്തിൽ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി റോമിൽസ് മാത്യു മുരിങ്ങമറ്റത്തിൽ, ജോയിൻറ് സെക്രട്ടറി ജോളി മാത്യു എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

രാജ്യത്തെ ആദ്യ മൃഗസംരക്ഷണ-ദുരിതാശ്വാസ കേന്ദ്രം ജില്ലയിൽ യാഥാർഥ്യമാകുന്നു

കൽപ്പറ്റ: ദുരന്തമുഖങ്ങളിൽനിന്നു വളർത്തുമൃഗങ്ങളെ സുരക്ഷിതമായി മാറ്റിപ്പാർപ്പിക്കുന്നതിന് രാജ്യത്തെ ആദ്യ ദുരിതാശ്വാസ കേന്ദ്രം കോട്ടത്തറ പഞ്ചായത്തിലെ ചീരകത്ത് യാഥാർഥ്യമാകുന്നു. കേന്ദ്രത്തിൻറെ ശിലാസ്ഥാപനം കൃഷി മന്ത്രി ടി. സിദ്ദിഖ് നിർവഹിച്ചു. പ്രകൃതിദുരന്തങ്ങളിൽ അകപ്പെടുന്ന കന്നുകാലികളെയും മറ്റ് വളർത്തുമൃഗങ്ങളെയും സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെയാണ് പദ്ധതിക്ക് രൂപം നൽകിയതെന്ന് അദ്ദേഹം പറഞ്ഞു.

ദുരന്ത മുന്നറിയിപ്പുകൾ ലഭിക്കുന്പോൾ മൃഗങ്ങളെ മാറ്റിപ്പാർപ്പിച്ച് തീറ്റ, വെള്ളം, അടിസ്ഥാന വെറ്ററിനറി പരിചരണം എന്നിവ ഉറപ്പാക്കാൻ കേന്ദ്രത്തിലൂടെ സാധിക്കും. ഒരേസമയം 100 മുതൽ 150 വരെ വളർത്തുമൃഗങ്ങളെ സംരക്ഷിക്കാനുള്ള സൗകര്യമാണ് കേന്ദ്രത്തിലുണ്ടാകുക. ദുരന്ത സമയങ്ങളിൽ കന്നുകാലികളെയും അരുമ മൃഗങ്ങളെയും കൂടെ കൂട്ടാൻ കഴിയാത്തതിൻറെ വിഷമത്തിൽ കഴിയുന്ന കർഷകർക്ക് മൃഗസംരക്ഷണ ദുരിതാശ്വാസ-പുനരധിവാസ കേന്ദ്രം ആശ്വാസമാകുമെന്നും മന്ത്രി പറഞ്ഞു.

ഉഷ വിജയൻ എംഎൽഎ അധ്യക്ഷത വഹിച്ചു. സംസ്ഥാന ദുരന്ത നിവാരണ വിഭാഗം മെംബർ സെക്രട്ടറി ഡോ. ശേഖർ കുര്യാക്കോസ്, കോട്ടത്തറ പഞ്ചായത്ത് പ്രസിഡൻറ് സി. സി. രജിത, വൈസ് പ്രസിഡൻറ് ഇ. സി. അജീഷ്, ഹ്യൂമൻ വേൾഡ് മാനേജിംഗ് ഡയറക്ടർ ആലോക്പർണ സെൻ ഗുപ്ത, സീനിയർ മാനേജർ പ്രവീൺ സുരേഷ്, പഞ്ചായത്ത് സ്റ്റാൻഡിംഗ് ചെയർപേഴ്സൺമാരായ ഇ. ആർ. പുഷ്പ, പി. പി. റെനീഷ്, ലീലാമ്മ ജോസഫ്, ത്രിതല പഞ്ചായത്തംഗങ്ങളായ നസീമ, എം. ജി. ജെനിമോൾ, സലാം നീലിക്കണ്ടി എന്നിവർ പ്രസംഗിച്ചു. ഒരു കോടി രൂപ ചെലവിലാണ് ദുരിതാശ്വാസ കേന്ദ്രം നിർമിക്കുന്നത്. സംസ്ഥാന ദുരന്തനിവാരണ അഥോറിറ്റിയും ഹ്യൂമൻ വേൾഡ് ഫോർ ആനിമൽസ് ഇന്ത്യയുമാണ് തുക വകയിരുത്തിയത്.

# സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം ഉറപ്പുവരുത്തും: മന്ത്രി പി. സി. വിഷ്ണുനാഥ്

കൊല്ലം: സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം സർക്കാർ ഉറപ്പുവരുത്തുമെന്ന് മന്ത്രി പി. സി. വിഷ്ണുനാഥ്. മുഖത്തല ഗവ. എൽപി ആൻഡ് തളിര് പ്രീ പ്രൈമറി സ്കൂൾ പുതിയ കെട്ടിടത്തിൻറെ നിർമാണോദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. ബജറ്റിൽ അനുവദിച്ച ഒരു കോടി രൂപ വിനിയോഗിച്ചാണ് നാല് ക്ലാസ് മുറികൾ അടങ്ങുന്ന 569 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള പുതിയ കെട്ടിടം നിർമിക്കുന്നത്. കെട്ടിടം പൂർത്തിയാകുന്നമുറക്ക് സ്കൂളിൻറെ അടിസ്ഥാന സൗകര്യവികസനത്തിൻറെ രണ്ടാംഘട്ടത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു. 18 മാസമാണ് നിർമാണ കാലാവധിയെങ്കിലും കഴിയുന്നത്ര വേഗത്തിൽ കെട്ടിട നിർമാണം പൂർത്തീകരിക്കണമെന്ന് കരാറുകാരനോട് മന്ത്രി നിർദേശിച്ചു. തൃക്കോവിൽവട്ടം പഞ്ചായത്ത് പ്രസിഡൻറ് കെ. പി. അജിത് കുമാർ അധ്യക്ഷനായി. മുഖത്തല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് സാം വർഗീസ് മുഖ്യപ്രഭാഷണം നടത്തി. മുഖത്തല ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡൻറ് ഗായത്രി ദേവി, ജില്ലാ പഞ്ചായത്തംഗം ഫൈസൽ കുളപ്പാടം, തൃക്കോവിൽവട്ടം പഞ്ചായത്ത് വൈസ് പ്രസിഡൻറ് നജുമ, ബ്ലോക്ക് പഞ്ചായത്തംഗം എ. എൽ നിസാമുദീൻ, പഞ്ചായത്ത് സ്ഥിരംസമിതി അധ്യക്ഷരായ എസ. ് ഷീല, എം. ഗംഗാദേവി, എ. അഫ്സീന, പ്രഥമാധ്യാപിക റോസമ്മ യോഹന്നാൻ തുടങ്ങിയവർ പങ്കെടുത്തു.

# ഇറാന് പുതിയ പ്രതിരോധ മന്ത്രി

ടെഹ്‌റാൻ: മുൻഗാമി കൊല്ലപ്പെട്ട് എട്ടു മാസങ്ങൾക്കു ശേഷം ഇറാന് പുതിയ പ്രതിരോധ മന്ത്രി. പതിറ്റാണ്ടുകളായി ഇറേനിയൻ പ്രതിരോധ മേഖലയിൽ പ്രവർത്തിച്ചു പരിചയമുള്ള മെഹർദാദ് അഖ്‌ലാഗിയെ പുതിയ പ്രതിരോധമന്ത്രിയായി നിയമിക്കാനുള്ള ശിപാർശ ഇറേനിയൻ പാർലമെൻറ് ഇന്നലെ അംഗീകരിച്ചു.

അമേരിക്കയും ഇസ്രയേലും ഇറാനെതിരേ യുദ്ധമാരംഭിച്ച ഫെബ്രവരി 28നാണ് മുൻ പ്രതിരോധമന്ത്രി അസീസ് നസീർസാദേ കൊല്ലപ്പെട്ടത്. ഇറേനിയൻ പരമോന്നത നേതാവ് ആയത്തൊള്ള അലി ഖമനയ്യും സൈനികമേധാവിമാരും ഒപ്പം കൊല്ലപ്പെട്ടിരുന്നു.

മെഹർദാദ് അഖ്‌ലാഗിക്ക് സൈന്യത്തിൽ പ്രവർത്തിച്ചു പരിചയമില്ല. പക്ഷേ, 42 വർഷമായി ഇറേനിയൻ പ്രതിരോധ മന്ത്രാലയത്തിൽ പ്രവർത്തിക്കുന്നു.

2013 മുതൽ സർക്കാരിൻറെ ആയുധ നിർമാണ കമ്പനിയായ ഇറേനിയൻ ഡിഫൻസ് ഇൻഡസ്ട്രീസ് ഓർഗനൈസേഷൻ മേധാവിയാണ്. അമേരിക്ക വീണ്ടും ഇറാനെ ആക്രമിക്കാൻ മുതിർന്നാൽ കനത്ത തിരിച്ചടി നേരിടേണ്ടിവരുമെന്ന് മെഹർദാദ് അഖ്‌ലാഗി ഇന്നലെ ഭീഷണി മുക്കി. അമേരിക്കയെ മാത്രമല്ല പശ്ചിമേഷ്യയിലെ അമേരിക്കൻ സഖ്യകക്ഷികളെയും ഇറാൻ ലക്ഷ്യമിടുമെന്ന് അദ്ദേഹം പറഞ്ഞു.

# മനുഷ്യന് അമരത്വം നേടാൻ കഴിയുമോ വാർധക്യം മറികടന്നാലും മനുഷ്യായുസ് പരമാവധി 150 വർഷം മാത്രം!

ചന്ദ്രവംശത്തിലെ ചക്രവർത്തിയായിരുന്ന യയാതിയുടെ കഥ എല്ലാവർക്കുമറിയാം. സുഖഭോഗങ്ങളോടുള്ള ഒരിക്കലും അടങ്ങാത്ത ആഗ്രഹത്തിൻറെയും, ഭൗതികസുഖങ്ങൾ എത്രയാഘോഷിച്ചിട്ടും മതിവരാത്ത മനസിൻറെയും ഉടമയായിരുന്നു യയാതി. തൻറെ തെറ്റുകളുടെ ഫലമായി ഏൽക്കേണ്ടിവന്ന ശാപത്തെത്തുടർന്ന് യയാതി വൃദ്ധനായി മാറി. തുടർന്ന്, തൻറെ മകൻറെ യൗവനം സ്വീകരിച്ച യയാതി സുഖലോലുപതയിൽ മുഴുകുകയും ചെയ്തു. സുഖഭോഗങ്ങളോടുള്ള ആസക്തി ഒരിക്കലും അടങ്ങില്ലെന്നു സ്വയം തിരിച്ചറിവു നേടിയ യയാതി തൻറെ മകനു യൗവനം തിരികെ നൽകുകയും അവനെ രാജാവായി വാഴിക്കുകയും ചെയ്തു. തുടർന്ന്, വാനപ്രസ്ഥത്തിനായി കൊട്ടാരം വിട്ടുപോകുകയും ചെയ്തു യയാതി - ഇതാണ് ആ പുരാണകഥ.

മനുഷ്യന് അമരത്വം കൈവരിക്കാൻ കഴിയുമോ ശാസ്ത്രത്തിൻറെ അന്വേഷണങ്ങൾ പതിറ്റാണ്ടുകളായി ഈ മേഖലയിൽ നടക്കുന്നുണ്ട്. എന്നാൽ, വാർധക്യത്തിനു കാരണമാകുന്ന എല്ലാ ഘടകങ്ങളും തരണം ചെയ്താൽ പോലും മനുഷ്യന് അമരത്വം കൈവരിക്കാനാകില്ലത്രെ! പരമാവധി 150 വർഷം മാത്രമായിരിക്കും മനുഷ്യായുസെന്നാണു പുതിയ പഠനം. 'ഡിഎൻഎ'യിൽ ക്രമേണയുണ്ടാകുന്ന ചെറിയ തകരാറുകൾ അഥവാ 'സൊമാറ്റിക് മ്യൂട്ടേഷൻ' ആണ് ഇതിനു പ്രധാന കാരണമായി ഗവേഷകർ പറയുന്നത്. മോസ്കോയിലെ സ്കോൾകോവോ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി, ആർട്ടിഫിഷ്യൽ ഇൻറലിജൻസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിലെ ഗവേഷകരാണു പിന്നിൽ. മനുഷ്യന് 150 വർഷം വരെ ജീവിക്കാനാകും എന്നതിനേക്കാൾ, മനുഷ്യായുസിൻറെ പരമാവധി പരിധി പ്രവചിക്കുകയാണു ഗവേഷണത്തിലൂടെ ശാസ്ത്രജ്ഞർ ലക്ഷ്യമിടുന്നത്.

ശരീരത്തിലെ പ്രോട്ടീനുകൾ നശിക്കുന്നത്, കോശവിഭജന സമയത്ത് ക്രോമസോമുകളിലെ അറ്റത്തുള്ള 'ടെലോമിയർ' ചെറുതാകുന്നത്, കോശങ്ങളിലെ മൈറ്റോകോൺഡ്രിയയുടെ പ്രവർത്തനം മന്ദഗതിയിലാകുന്നത് തുടങ്ങി വാർധക്യത്തിനു കാരണങ്ങളേറെയുണ്ട്. ഇതിൽ പ്രധാനപ്പെട്ടതാണ് ഡിഎൻഎയിൽ വരുന്ന മാറ്റങ്ങൾ അഥവാ 'സൊമാറ്റിക് മ്യൂട്ടേഷൻ'.

# 'അയാൾ വെറുമൊരു പ്ലംബറാകില്ല, ഒരു പ്ലംബറിന് വിമാനം ലാൻഡ് ചെയ്യാൻ കഴിയുമോ': ക്യാപ്റ്റൻ സ്മിത് മച്ചാർ

അബുദാബി: ഫ്ളൈ ദുബായ് വിമാനത്തിൽ കോ-പൈലറ്റിന്റെ മാരക ആക്രമണത്തിന് ഇരയായ ഇന്ത്യൻ ക്യാപ്റ്റൻ സ്മിത് മച്ചാർ, യാത്രാമധ്യേ വിമാനം ലാൻഡ് ചെയ്തതായി അവകാശപ്പെട്ട ഇസ്രയേലി പ്ലംബറെക്കുറിച്ച് സംസാരിക്കുന്നത് കൗതുകത്തോടെയും അത്ഭുതത്തോടെയും. താനാണ് കോക്ക്പിറ്റിൽ അതിക്രമിച്ചു കയറി അക്രമിയെ കീഴ്പ്പെടുത്തിയതെന്നും 'എയർ ക്രാഷ് ഇൻവെസ്റ്റിഗേഷൻ' ടിവി ഷോ കണ്ട് വിമാനം നിയന്ത്രിക്കാൻ പഠിച്ചുവെന്നും യാത്രികനായ യാനിവ് ഹയോൺ അവകാശപ്പെട്ടിരുന്നു. ഈ വിഷയത്തിലാണ് ക്യാപ്റ്റൻ സ്മിത് മച്ചാറിൻറെ പ്രതികരണം. അബുദാബിയിലെ ആശുപത്രി കിടക്കയിൽ നിന്ന് മാധ്യമങ്ങളോട് സംസാരിക്കവെയാണ് മച്ചാർ ഇക്കാര്യം വ്യക്തമാക്കിയത്. പ്ലംബർ വിമാനം നിയന്ത്രിച്ചെന്ന കഥയെക്കുറിച്ച് തനിക്ക് യാതൊരു മുൻധാരണയുമില്ലെന്നും, എങ്കിലും 'അയാൾ വെറുമൊരു പ്ലംബറാകില്ല, ഒരു പ്ലംബറിന് വിമാനം ലാൻഡ് ചെയ്യാൻ കഴിയുമോ' എന്ന് അദ്ദേഹം അത്ഭുതത്തോടെ ചോദിക്കുകയായിരുന്നു. ആക്രമണത്തിനിടയിൽ തൻറെ മുഴുവൻ ഊർജവും സ്വന്തം ജീവൻ രക്ഷിക്കാനുള്ള ശ്രമങ്ങളിലായിരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. 172 യാത്രികരുമായി ടെൽ അവീവിലേക്കുള്ള യാത്രയ്ക്കിടെ ഒമാൻ പൗരനായ കോ-പൈലറ്റ് ക്രാഷ് ആക്സ് ഉപയോഗിച്ചാണ് സ്മിത് മച്ചാറിനെ ആക്രമിച്ചത്. തുടർന്ന് ബോധരഹിതനായ ക്യാപ്റ്റനെ യാത്രക്കാരും ജീവനക്കാരും ചേർന്ന് രക്ഷപ്പെടുത്തുകയും, ഡ്യൂട്ടിയിലല്ലാതിരുന്ന മറ്റ് ഫ്ളൈ ദുബായ് പൈലറ്റുമാർ ചേർന്ന് വിമാനം സൗദി അറേബ്യയിലെ തബൂക്കിൽ സുരക്ഷിതമായി ലാൻഡ് ചെയ്യുകയുമായിരുന്നു.

# ഒരു കുടുംബത്തിലെ മൂന്ന് പേർ മരിച്ച നിലയിൽ

ഭോപ്പാൽ: മധ്യപ്രദേശിലെ നർമ്മദാപുരം ജില്ലയിൽ ഒരു കുടുംബത്തിലെ മൂന്ന് പേരെ മരിച്ച നിലയിൽ കണ്ടെത്തി. ബറേലി സ്വദേശി അജയ് ധാക്കാഡ്, ഇദ്ദേഹത്തിൻറെ മക്കളായ ശിവം, സമർഥ് എന്നിവരെയാണ് മരിച്ച നിലയിൽ കണ്ടെത്തിയത്.

ഞായറാഴ്ച ഉച്ചകഴിഞ്ഞ് മൂന്നിന് ട്രെയിൻ തട്ടിയാണ് അജയ് മരിച്ചത്. വിവരം അറിഞ്ഞ് പൊലിസ് സ്ഥലത്തെത്തുകയും തുടർന്ന് നടത്തിയ പരിശോധനയിൽ വൈകുന്നേരം ആറ് മണിയോടെ കുട്ടികളുടെ മൃതദേഹങ്ങൾ കാറിനുള്ളിൽ കണ്ടെത്തുകയുമായിരുന്നു. സിനിമ കാണിക്കാമെന്ന് പറഞ്ഞ് അജയ് കുട്ടികളെ വീട്ടിൽനിന്നും കൂട്ടിക്കൊണ്ടുപോവുകയായിരുന്നുവെന്ന് ഇദ്ദേഹത്തിൻറെ സഹോദരൻ പ്രതാപ് സിംഗ് ധാക്കാഡ് പറഞ്ഞു.

അജയുടെ മരണവിവരമറിഞ്ഞതിനെത്തുടർന്നാണ് കുടുംബാംഗങ്ങൾ കുട്ടികളെ അന്വേഷിച്ചു തുടങ്ങിയത്. കുട്ടികളുടെ കഴുത്ത് ഞെരിച്ചതിൻറെ പാടുകൾ കണ്ടെത്തിയതായി പൊലിസ് പറഞ്ഞു. അജയ് ജീവനൊടുക്കാനുള്ള കാരണവും കുട്ടികളുടെ മരണത്തിലേക്ക് നയിച്ച സാഹചര്യങ്ങളും എന്താണെന്ന് ഇതുവരെ വ്യക്തമായിട്ടില്ല. സംഭവത്തിൽ പൊലിസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. പോസ്റ്റ്മോർട്ടം റിപ്പോർട്ട് വന്നാൽ മാത്രമേ കുട്ടികളുടെ മരണകാരണം വ്യക്തമാകൂ എന്ന് പൊലിസ് അറിയിച്ചു.

# നൊബേൽ ജേതാവ് നവി പിള്ളയെ അഭിനന്ദിച്ചില്ല: കേന്ദ്ര സർക്കാരിനെതിരെ രൂക്ഷവിമർശനവുമായി ശശി തരൂർ

ന്യൂഡൽഹി: 2026-ലെ സമാധാനത്തിനുള്ള നൊബേൽ പുരസ്കാരം നേടിയ ദക്ഷിണാഫ്രിക്കൻ നിയമവിദഗ്ധയും ഇന്ത്യൻ തമിഴ് വംശജയുമായ നവനീതം നവി പിള്ളയെ അഭിനന്ദിക്കാതിരുന്ന കേന്ദ്ര സർക്കാരിൻറെ നിലപാടിനെതിരെ ശക്തമായ വിമർശനവുമായി കോൺഗ്രസ് എംപി ശശി തരൂർ. നവി പിള്ള പുരസ്കാരം നേടി ദിവസങ്ങൾ പിന്നിട്ടിട്ടും ഇന്ത്യൻ സർക്കാരിൻറെ ഭാഗത്തുനിന്നും അഭിനന്ദന സന്ദേശങ്ങളൊന്നും വരാത്തത് ഖേദകരം ആണെന്നാണ് ശശി തരൂർ എക്സിൽ കുറിച്ചത്.

'നവി പിള്ളയുടെ പൂർവികരുടെ നാടായ ഇന്ത്യയുടെ ഭരണാധികാരികളിൽ നിന്ന് ഒരു അഭിനന്ദനം പോലും ലഭിച്ചില്ലെന്നത് കഷ്ടമാണ്. ഈ മനസ്ഥിതി കാണിച്ചവർ നാണിക്കണമെന്നും തരൂർ കുറിച്ചു. എന്നാൽ തരൂരിൻറെ പോസ്റ്റിന് പിന്നാലെ സോഷ്യൽ മീഡിയയിൽ വലിയ എതിർപ്പും ഉയരുന്നുണ്ട്. കോൺഗ്രസ് പാർട്ടിയും നവി പിള്ളയെ ഔദ്യോഗികമായി അഭിനന്ദിച്ചിട്ടില്ലെന്ന് ചൂണ്ടിക്കാട്ടിയ ഉപയോക്താക്കൾ തരൂരിൻറേത് 'ഇരട്ടത്താപ്പ്' ആണെന്നും കുറ്റപ്പെടുത്തി.130 വർഷങ്ങൾക്ക് മുൻപ് തമിഴ്നാട്ടിലെ ദിണ്ഡിഗൽ ജില്ലയിൽ നിന്ന് ശ്രീലങ്ക വഴി ദക്ഷിണാഫ്രിക്കയിലേക്ക് കുടിയേറിയ കുടുംബത്തിലാണ് നവി പിള്ളയുടെ ജനനം. ദക്ഷിണാഫ്രിക്കയിലെ വംശീയ വിവേചനത്തിനെതിരെ ദരിദ്ര കുടുംബത്തിൽ നിന്ന് ഉയർന്നു വന്ന് നവി പിള്ള നടത്തിയ നിയമപോരാട്ടങ്ങൾ പ്രശസ്തമാണ്. നെൽസൺ മണ്ടേല ഉൾപ്പെടെയുള്ള രാഷ്ട്രീയ തടവുകാർക്കായി അവർ വാദിച്ചിട്ടുണ്ട്.

1995-ൽ ദക്ഷിണാഫ്രിക്കൻ ഹൈക്കോടതിയിലെ ആദ്യത്തെ വെള്ളക്കാരിയല്ലാത്ത വനിതാ ജഡ്ജിയായി അവർ മാറി. റുവാണ്ടയിലെ അന്താരാഷ്ട്ര ക്രിമിനൽ ട്രൈബ്യൂണൽ ജഡ്ജിയായും, ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ ഹൈക്കമ്മീഷണറായും അവർ പ്രവർത്തിച്ചിട്ടുണ്ട്. മനുഷ്യാവകാശങ്ങൾക്കും അന്താരാഷ്ട്ര നീതിന്യായ വ്യവസ്ഥയ്ക്കും നൽകിയ സമഗ്ര സംഭാവനകളെ മാനിച്ചാണ് നോർവീജിയൻ നൊബേൽ കമ്മിറ്റി 2026-ലെ സമാധാന നൊബേൽ പുരസ്കാരം നൽകി നവി പിള്ളയെ ആദരിച്ചത്.

# താമരശേരി ചുരത്തിൻറെ ഒമ്പതാം വളവിൽ ലോറി അപകടത്തിൽപ്പെട്ടു; വൻ ദുരന്തം ഒഴിവായത് തലനാരിഴയ്ക്ക്

കോഴിക്കോട്: താമരശേരി ചുരത്തിൻറെ ഒമ്പതാം വളവിൽ ലോറി അപകടത്തിൽപ്പെട്ടു. തിങ്കളാഴ്ച രാവിലെ ഒമ്പതിനുണ്ടായ സംഭവത്തിൽ ആർക്കും പരിക്കില്ല. കർണാടകയിൽനിന്ന് ഗ്രാനൈറ്റ് കയറ്റിവരികയായിരുന്ന ലോറി നിയന്ത്രണം വിട്ട് ഒമ്പതാം വളവിൻറെ സംരക്ഷണഭിത്തിയിലേക്ക് ഇടിച്ചുകയറുകയായിരുന്നു.

ഉടൻ തന്നെ ഡ്രൈവറും ക്ലീനറും പുറത്തേക്ക് ചാടിയതിനാൽ വൻ ദുരന്തം ഒഴിവായി.സമീപത്തുണ്ടായിരുന്ന പിക്കപ്പ് വാനിൽ ഇടിച്ചശേഷം ലോറി സംരക്ഷണഭിത്തിയിൽ ഇടിച്ചുകയറുകയായിരുന്നു. നിരവധി തവണ സമാനമായ അപകടങ്ങൾ നടന്നിട്ടുള്ള സ്ഥലമാണിത്. ഏതാനും ദിവസം മുമ്പ് പുതുക്കിപ്പണിത സംരക്ഷണഭിത്തിയാണ് ഇപ്പോൾ തകർന്നത്. പൊലിസും ഫയർഫോഴ്സും സ്ഥലത്തെത്തി മേൽനടപടികൾ സ്വീകരിച്ചു.

# നടൻ ടൈഗർ ഷ്രോഫിന് നേരെ വധശ്രമം; അമിത് ഷായ്ക്ക് കത്തയച്ച് സിനി വർക്കേഴ്സ് യൂണിയൻ

മുംബൈ: ബോളിവുഡ് താരം ടൈഗർ ഷ്രോഫിൻറെ കാറിന് നേരെ മുംബൈയിലെ ജുഹുവിൽ വെച്ചുണ്ടായ വെടിവെയ്പ്പിന് പിന്നാലെ, താരത്തിനും കുടുംബത്തിനും പൂർണ സുരക്ഷ ആവശ്യപ്പെട്ട് ഓൾ ഇന്ത്യൻ സിനി വർക്കേഴ്സ് അസോസിയേഷൻ. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായ്ക്ക് അയച്ച കത്തിലാണ് അസോസിയേഷൻ ഇക്കാര്യം ആവശ്യപ്പെട്ടത്.ഞായറാഴ്ച നടന്ന വെടിവെയ്പ്പിൽ ടൈഗർ ഷ്രോഫ് അത്ഭുതകരമായി രക്ഷപ്പെട്ടെങ്കിലും അദ്ദേഹത്തിൻറെ ഡ്രൈവർക്കും ഓട്ടോ ഡ്രൈവർക്കും വെടിയേറ്റ് പരിക്കേറ്റിരുന്നു. കാറിന് നേരെ മൂന്ന് തവണയാണ് അക്രമികൾ വെടിയുതിർത്തത്.

മഹാരാഷ്ട്ര പൊലിസിൻറെ സഹകരണത്തോടെ ഗുണ്ടാസംഘങ്ങളുടെ നെറ്റ്വർക്കുകളെക്കുറിച്ച് എൻഐഎയും കേന്ദ്ര ഏജൻസികളും അന്വേഷിക്കുക, വെടിയുതിർത്ത ഷൂട്ടർമാരെയും അതിനു പിന്നിൽ പ്രവർത്തിച്ചവരെയും എത്രയും പെട്ടെന്ന് അറസ്റ്റ് ചെയ്യുക, കർശന നിയമങ്ങളുടെ കീഴിൽ ഫാസ്റ്റ് ട്രാക്ക് കോടതി വഴി കേസിൻറെ വിചാരണ നടത്തുക,

ചലച്ചിത്ര മേഖലയുടെ സുരക്ഷയ്ക്കായി ഒരു പ്രത്യേക ടാസ്ക് ഫോഴ്സ് രൂപീകരിക്കുക, ബോളിവുഡിൽ നിലനിൽക്കുന്ന ഗുണ്ടകളുടെ ഭീഷണിക്ക് ശാശ്വത പരിഹാരം കാണുക. സ്വീകരിച്ച നടപടികളെക്കുറിച്ചുള്ള റിപ്പോർട്ട് സമയബന്ധിതമായി ലഭ്യമാക്കുക എന്നിങ്ങനെയുള്ള ആവശ്യങ്ങളാണ് സിനി വർക്കേഴ്സ് അസോസിയേഷൻ മുന്നോട്ടുവെച്ചിട്ടുള്ളത്.

# ടൈഗർ ഷ്രോഫിനെ ആക്രമിച്ചത് പത്ത് ദിവസത്തെ ആസൂത്രണത്തിന് ശേഷം

ന്യൂഡൽഹി: ബോളിവുഡ് താരം ടൈഗർ ഷ്രോഫിന് നേരെ മുംബൈയിൽ നടന്ന വധശ്രമത്തിന് പിന്നിൽ പത്ത് ദിവസത്തോളം നീണ്ട കൃത്യമായ ആസൂത്രണമെന്ന് റിപ്പോർട്ട്. താരത്തിൻറെ വീടിനും ജിമ്മിനും സമീപം പ്രതികൾ നിരീക്ഷണം നടത്തിയിരുന്നുവെന്നും, സോഷ്യൽ മീഡിയയിലെ പാപ്പരാസി വീഡിയോകളും വ്ലോഗർമാരുടെ പോസ്റ്റുകളും വഴിയാണ് ടൈഗർ ഷ്രോഫിൻറെ യാത്രാവിവരങ്ങൾ ഇവർ ശേഖരിച്ചതെന്നുമാണ് അന്വേഷണത്തിൽ വ്യക്തമായിരിക്കുന്നത്.

ഞായറാഴ്ച വൈകുന്നേരം ഫുട്ബോൾ ഗ്രൗണ്ടിൽ നിന്ന് മടങ്ങുകയായിരുന്ന ടൈഗർ ഷ്രോഫിൻറെ കാറിന് നേരെ ബൈക്കിലെത്തിയ മൂന്നംഗ സംഘം ഏഴ് തവണ വെടിയുതിർത്തിരുന്നു. വിൻഷീൽഡിലും സൈഡ് ഗ്ലാസുകളിലും അഞ്ച് ബുള്ളറ്റുകൾ പതിച്ചെങ്കിലും അഞ്ചാമത്തെ വെടിയുതിർത്തതിന് പിന്നാലെ തോക്ക് ജാം ആയത് താരത്തിന് രക്ഷയായി.

ലോറൻസ് ബിഷ്ണോയ് ഗ്യാംഗിനായി ക്വട്ടേഷൻ ഏറ്റെടുത്തവരാണ് പിടിയിലായതെന്നാണ് സൂചന. ഹരിയാന സോണിപത് സ്വദേശിയായ 17 കാരൻ, ബിഹാറിലെ ബെഗുസരായി സ്വദേശിയും മുംബൈയിൽ റാപ്പിഡോ റൈഡറുമായ 22കാരൻ റോഷൻ, ഹരിയാനക്കാരനായ 18കാരൻ റൈഹാൻ എന്നിവരാണ് രാജസ്ഥാനിലെ കോട്ട റെയിൽവേ സ്റ്റേഷനിൽ വെച്ച് അറസ്റ്റിലായത്.

വാട്സാപ്പ്, സിഗ്നൽ തുടങ്ങിയ ആപ്പുകൾ വഴിയാണ് പ്രതികൾ തങ്ങളുടെ ഹാൻഡ്ലർമാരുമായി നിരന്തരം ബന്ധപ്പെട്ടിരുന്നത്. ആക്രമണത്തിന് ശേഷം എസ്.വി റോഡ് വഴി രക്ഷപ്പെട്ട ഇവർ അന്ധേരി വെസ്റ്റ് റെയിൽവേ സ്റ്റേഷന് സമീപം ബൈക്ക് ഉപേക്ഷിച്ച് ബോറിവലിയിലേക്കുള്ള ട്രെയിനിൽ രക്ഷപ്പെടുകയായിരുന്നു. തുടർന്ന് മഹാരാഷ്ട്ര അതിർത്തി കടന്ന് ഗുജറാത്തിലേക്ക് കടക്കാനും ഇവർ ശ്രമിച്ചിരുന്നു.

# വാടക നൽകാത്തതിനെച്ചൊല്ലി തർക്കം; വീട്ടുടമയെ വെടിവച്ച് കൊന്നു

ബംഗളൂരു: ബംഗളൂരുവിൽ വീട്ടുവാടക നൽകുന്നതുമായി ബന്ധപ്പെട്ട തർക്കത്തിനൊടുവിൽ അഭിഭാഷകൻ വെടിയേറ്റ് മരിച്ചു. പട്ടന്തൂർ അഗ്രഹാര സ്വദേശി മഞ്ജുനാഥ് (42) ആണ് കൊല്ലപ്പെട്ടത്. മഞ്ജുനാഥിൻറെ വീട്ടിൽ വാടകയ്ക്ക് താമസിച്ചിരുന്ന രണ്ട് ബിഹാർ സ്വദേശികളാണ് വെടിയുതിർത്തത്. സംഭവത്തിനു ശേഷം പ്രതികൾ രക്ഷപ്പെട്ടു. ഇന്നലെ രാത്രി 11:30-ഓടെയാണ് സംഭവം.മഞ്ജുനാഥിൻറെ വീട്ടിൽ വാടകയ്ക്ക് താമസിച്ചിരുന്നവരുമായി വാടക തുക നൽകാത്തതിനെച്ചൊല്ലി തർക്കം നിലനിന്നിരുന്നു. ഈ തർക്കത്തിനൊടുവിൽ പ്രതികൾ മഞ്ജുനാഥിന് നേരെ വെടിയുതിർക്കുകയായിരുന്നു. മഞ്ജുനാഥിൻറെ നെറ്റിയിലാണ് വെടിയേറ്റത്. സംഭവസ്ഥലത്ത് വച്ചുതന്നെ അദ്ദേഹം മരിച്ചു. പ്രതികൾ രണ്ടുപേരും ഫുഡ് ഡെലിവറി ബോയ്സായി ജോലി ചെയ്തുവരികയായിരുന്നുവെന്ന് പൊലിസ് വ്യക്തമാക്കി.

വിവരമറിഞ്ഞ് പൊലിസ് സ്ഥലത്തെത്തി കേസെടുത്തിട്ടുണ്ട്. ഒളിവിൽ പോയ പ്രതികൾക്കായി പ്രത്യേക അന്വേഷണ സംഘം തെരച്ചിൽ ഊർജിതമാക്കിയിട്ടുണ്ട്. ഫൊറൻസിക് വിദഗ്ധർ സ്ഥലത്തെത്തി തെളിവെടുപ്പ് നടത്തി. കൊല്ലപ്പെട്ട മഞ്ജുനാഥിൻറെ മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി ആശുപത്രിയിലേക്ക് മാറ്റി. സംഭവത്തിൽ കൂടുതൽ അന്വേഷണം നടന്നുവരികയാണ്.

# പാമ്പുകളുമായി യുവാക്കളുടെ അഭ്യാസപ്രകടനം; വീഡിയോ വൈറലായതോടെ അന്വേഷണം

ലക്നോ: ഉത്തർപ്രദേശിലെ ബുലന്ദ്ഷഹറിൽ പെരുമ്പാമ്പുകളുമായി യുവാക്കൾ നടത്തിയ അഭ്യാസപ്രകടനത്തിൻറെ വീഡിയോ സമൂഹമാധ്യമങ്ങളിൽ വൈറലാകുന്നു. റോഡരികിൽ വച്ച് പെരുമ്പാമ്പുകളെ കൈയിലെടുത്ത് ഫോട്ടോയ്ക്ക് പോസ് ചെയ്യുന്ന യുവാക്കളുടെ ദൃശ്യങ്ങളാണ് വിവാദമായത്. ഗംഗാ നദിയുടെ കരയോട് ചേർന്നുള്ള വയലിനടുത്തുള്ള റോഡിൽ നിന്നാണ് വീഡിയോ ചിത്രീകരിച്ചിരിക്കുന്നത്.

യുവാക്കളുടെ പിടിയിൽനിന്ന് രക്ഷപ്പെടാൻ പാമ്പുകൾ ശ്രമിക്കുമ്പോൾ അവയെ ബലമായി കൈകാര്യം ചെയ്യുകയും വാലിൽ പിടിച്ച് കഴുത്തിൽ ചുറ്റാൻ ശ്രമിക്കുന്നതും ദൃശ്യങ്ങളിൽ വ്യക്തമാണ്. തങ്ങൾ രക്ഷപ്പെടുത്തിയ പാമ്പുകളാണെന്നാണ് യുവാക്കൾ വീഡിയോയിൽ പറയുന്നത്. എന്നാൽ സംഭവത്തിൻറെ യഥാർഥ പശ്ചാത്തലമോ വീഡിയോ ചിത്രീകരിച്ച തീയതിയോ ഇതുവരെ സ്ഥിരീകരിച്ചിട്ടില്ല. സംഭവത്തിൽ ഉൾപ്പെട്ടവരെ തിരിച്ചറിയാൻ സൈബർ പൊലിസ് അന്വേഷണം നടത്തിവരികയാണ്.

പെരുമ്പാമ്പുകൾ സംരക്ഷിക്കപ്പെടുന്ന വന്യജീവി വിഭാഗത്തിൽപ്പെടുന്നവയാണെന്നും അവയെ പിടികൂടുന്നതും പൊതുസ്ഥലത്ത് പ്രദർശിപ്പിക്കുന്നതും ഗുരുതരമായ കുറ്റമാണെന്നും ജില്ലാ വനംവകുപ്പ് ഓഫീസർ വ്യക്തമാക്കി. യാതൊരു പരിശീലനമോ മതിയായ സുരക്ഷാ മുൻകരുതലുകളോ ഇല്ലാതെ ഇത്തരം വന്യജീവികളെ കൈകാര്യം ചെയ്യുന്നത് ഗുരുതരമായ അപകടങ്ങൾക്ക് കാരണമാകാറുണ്ട് ഉദ്യോഗസ്ഥർ മുന്നറിയിപ്പ് നൽകി.

# ക്രൈസ്തവഗ്രാമം സന്ദർശിക്കാനെത്തിയ യൂറോപ്യൻ സംഘത്തെ യഹൂദർ ആക്രമിച്ചു

റമള്ള: പലസ്തീൻ പ്രദേശത്തെ ക്രൈസ്തവ ഗ്രാമം സന്ദർശിക്കാനെത്തിയ യൂറോപ്യൻ നയതന്ത്ര പ്രതിനിധികൾ അധിനിവേശ യഹൂദരുടെ ആക്രമണത്തിനിരയായി. അധിനിവേശ വെസ്റ്റ്ബാങ്കിൽ റമള്ളയ്ക്കു സമീപം തയ്ബെ ഗ്രാമത്തിൽ ശനിയാഴ്ചയുണ്ടായ സംഭവത്തിൽ കത്തോലിക്കാ സഭ, ബെൽജിയം, ഫ്രാൻസ്, പോളണ്ട് പ്രതിനിധികൾ ഉൾപ്പെട്ട സംഘമാണ് ആക്രമിക്കപ്പെട്ടത്.

ഒലിവ് വിളവെടുപ്പിനിടെ പലസ്തീനികൾ അധിനിവേശ യഹൂദരുടെ ആക്രമണത്തിന് ഇരയാകുന്നതു സംബന്ധിച്ച വാർത്തകളുടെ സത്യാവസ്ഥ നേരിട്ടു കണ്ട് മനസിലാക്കാൻ എത്തിയതായിരുന്നു യൂറോപ്യൻ സംഘം. മുഖംമൂടി ധരിച്ച യഹൂദ അക്രമികൾ സംഘത്തിൻറെ വാഹനവ്യൂഹം തടഞ്ഞു. ബെൽജിയം കോൺസൽ ജനറൽ, ഫ്രാൻസിലെ ഒരു മേയർ എന്നിവർ ആക്രമിക്കപ്പെട്ടു.

കോൺസൽ ജനറലിൻറെ വാഹനത്തിൻറെ ചില്ല് തകർത്തു. 78 വയസുള്ള മേയറെ ഇരുന്പുവടിക്ക് തല്ലിതാഴെയിട്ടു. ബെൽജിയം സർക്കാർ സംഭവത്തെ അപലപിക്കുകയും കുറ്റക്കാരെ നിയമത്തിനു മുന്നിലെത്തിക്കാൻ ഇസ്രയേൽ തയാറാകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

അക്രമത്തെക്കുറിച്ച് അന്വേഷിക്കുന്നതായി ഇസ്രേലി സേന അറിയിച്ചു. അതേസമയം, ഇസ്രേലി പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിൻറെ ഓഫീസ് സംഭവത്തിൻറെ സത്യാവസ്ഥയിൽ സംശയം പ്രകടിപ്പിക്കുകയാണുണ്ടായത്. ഇസ്രയേലിനെ താഴ്ത്തിക്കാട്ടാനുള്ള പ്രചരണത്തിൻറെ ഭാഗമായിരിക്കാം ഇതെന്നും ഓഫിസ് കൂട്ടിച്ചേർത്തു.

വെള്ളിയാഴ്ച വെസ്റ്റ് ബാങ്കിലെ മറ്റൊരു ഗ്രാമത്തിൽ യഹൂദ കുടിയേറ്റക്കാർ നടത്തിയ ആക്രമണത്തിൽ പലസ്തീനികൾക്കും വാഷിംഗ്ടൺ പോസ്റ്റ് പത്രത്തിൻറെ ഫോട്ടോഗ്രാഫർ ഹെയ്ഡി ലെവീനും പരിക്കേറ്റിരുന്നു. അമേരിക്കൻ വിദേശകാര്യ സെക്രട്ടറി മാർക്കോ റൂബിയോയും ഇസ്രയേലിലെ യുഎസ് അംബാസഡർ മൈക്ക് ഹക്കബീയും സംഭവത്തെ അപലപിച്ചിരുന്നു.

# പാറ്റ്നയിൽ അമിതവേഗത്തിലെത്തിയ കാർ ഇടിച്ച് ഒരാൾ മരിച്ചു; ആറ് പേർക്ക് പരിക്ക്

പാറ്റ്ന: ബിഹാറിലെ പാറ്റ്നയിൽ അമിതവേഗത്തിലെത്തിയ കാർ കാൽനടയാത്രക്കാരുടെ ഇടയിലേക്ക് ഇടിച്ചുകയറി ഒരാൾ മരിച്ചു. സംഭവത്തിൽ ആറ് പേർക്ക് പരിക്കേറ്റു. ഞായറാഴ്ച രാത്രിയായിരുന്നു അപകടം ഉണ്ടായത്.

അമിതവേഗത്തിലെത്തിയ കാർ കാൽനടയാത്രക്കാരെ ഇടിച്ചു വീഴ്ത്തുകയും തുടർന്ന് നിയന്ത്രണം നഷ്ടപ്പെട്ട വാഹനം മറിയുകയും ചെയ്തു. ഇടിയുടെ ആഘാതത്തിൽ അതുവഴി വന്ന ഒരു ബൈക്ക് യാത്രികനും അപകടത്തിൽ പെട്ടിട്ടുണ്ട്. നാട്ടുകാർ ഉടൻതന്നെ പരിക്കേറ്റവരെ ആശുപത്രിയിൽ എത്തിച്ചു.

അപകടത്തിൽ മരിച്ചയാളുടെ മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി ആശുപത്രിയിലേക്ക് മാറ്റി. സംഭവത്തിൽ പൊലിസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

# കനേഡിയൻ സൈനിക താവളത്തിൽ വൻ തീപിടിത്തം; നിരവധിപ്പേർ മരിച്ചു

ഒട്ടാവ: കനേഡിയൻ സൈനിക താവളത്തിലുണ്ടായ വൻ തീപിടിത്തത്തിൽ ഒട്ടേറെപ്പേർക്കു ജീവഹാനി നേരിടുകയും പരിക്കേൽക്കുകയും ചെയ്തതായി റിപ്പോർട്ട്. ആൽബർട്ട സംസ്ഥാനത്തെ ഫോഴ്സ് ബേസ് വെയിൻറൈറ്റ് താവളത്തിൽ ശനിയാഴ്ച വൈകിട്ടായിരുന്നു സംഭവം.

അതേസമയം, ഇക്കാര്യത്തിൽ കൂടുതൽ വിവരങ്ങൾ പുറത്തുവിടാൻ കനേഡിയൻ പ്രതിരോധവകുപ്പ് തയാറായിട്ടില്ല. വലിയ തീപിടിത്തമുണ്ടായെന്നും ഒട്ടേറെപ്പേർക്കു ജീവഹാനി സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്തുവെന്നുമാണ് പ്രതിരോധമന്ത്രി ഡേവിഡ് മക്ഗിൻറി അറിയിച്ചത്. തീപിടിത്തം ഉണ്ടാകാനുള്ള കാരണം അദ്ദേഹം വെളിപ്പെടുത്തിയില്ല.

കനേഡിയൻ സേനയുടെ പ്രധാന ആയുധപരിശീലന കേന്ദ്രമാണ് ഈ താവളം. പരിശീലനത്തിനിടെ ആയുധം മൂലം വാതകപൈപ്പ് പൊട്ടിയതാണ് കാരണമെന്ന് ചില കനേഡിയൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. കുറഞ്ഞത് ഏഴു പേർ മരിച്ചതായും പറയുന്നു. സൈനികതാവളത്തിലെ തീപിടിത്തം സമീപ മേഖലയിലേക്കു പടരാൻ തുടങ്ങിയെങ്കിലും നിയന്ത്രണവിധേയമാക്കി എന്നാണ് അറിയിപ്പ്. പ്രദേശത്ത് നൂറു കിലോമീറ്റർ വേഗത്തിൽ കാറ്റടിക്കുന്നുണ്ട്. അഗ്നിരക്ഷാസേനയും സൈന്യവും തീ അണയ്ക്കാൻ രംഗത്തിറങ്ങി.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.




**വേൾഡ് മലയാളി കൗൺസിലിന്റെ 2026–28ലേക്കുള്ള യൂറോപ്യൻ റീജിയണിന്റെ ജർമ്മൻ പ്രോവിൻസ് സാരഥികൾക്ക് നോട്ടിക്കൽ ടൈംസ് കേരളയുടെ ആശംസകൾ**

# പാർട്ടിക്ക് തെറ്റ് പറ്റിയിട്ടില്ല, പക്ഷേ ജനങ്ങളെ ബോധ്യപ്പെടുത്താനായില്ല; സിപിഎമ്മിൽ സ്വയംവിമർശനം

കണ്ണൂർ: പാർട്ടി പ്രവർത്തനങ്ങളിലെ വീഴ്ചകളും സംഘടനാ രംഗത്തെ പാളിച്ചകളും തുറന്നുകാട്ടി സിപിഎം കണ്ണൂർ ജില്ലാ കമ്മിറ്റി യോഗത്തിൽ സ്വയംവിമർശനം. പിണറായി ഉൾപ്പെട്ട മാസപ്പടിക്കേസിൽ യഥാസമയം പ്രതികരിച്ചില്ല. ഇത് ആശയക്കുഴപ്പമുണ്ടാക്കി. ആരോപണങ്ങളെ ചെറുക്കുന്നതിലും വീഴ്ച സംഭവിച്ചെന്ന് വിപുലീകൃത ജില്ലാ കമ്മിറ്റി യോഗത്തിൽ വിമർശനം ഉയർന്നു.ധനരാജ് രക്തസാക്ഷി ഫണ്ട് വിവാദം കൈകാര്യം ചെയ്തതിലും പയ്യന്നൂരിലെ തെരഞ്ഞെടുപ്പ് തിരിച്ചടിയിലും ഏരിയാ കമ്മിറ്റികൾക്ക് വീഴ്ച സംഭവിച്ചതായി യോഗത്തിൽ വിമർശനമുയർന്നു. ധനരാജ് രക്തസാക്ഷി ഫണ്ട് വിവാദത്തിൽ പാർട്ടിക്ക് തെറ്റുപറ്റിയിട്ടില്ല. പക്ഷെ നിലപാടിൽ ഉറച്ചുനിൽക്കുമ്പോഴും വിഷയം ജനങ്ങൾക്കുമുന്നിൽ വിശദീകരിക്കുന്നതിലും അവരെ ബോധ്യപ്പെടുത്തുന്നതിലും ഏരിയാ കമ്മിറ്റി പരാജയപ്പെട്ടു.

പയ്യന്നൂരിലെ പാർട്ടിയുടെ തോൽവിയുടെ ഉത്തരവാദിത്തവും ഏരിയാ കമ്മിറ്റിക്കാണെന്ന് ചർച്ചകളിൽ വിമർശനമുയർന്നു. പാർട്ടിയെ വഞ്ചിക്കുക എന്ന ലക്ഷ്യത്തോടെ കുഞ്ഞികൃഷ്ണൻ പ്രവർത്തിച്ചു. എന്നാൽ കുഞ്ഞികൃഷ്ണൻറെ പാർട്ടി വിരുദ്ധ നിലപാടുകൾ തിരിച്ചറിയുന്നതിൽ പയ്യന്നൂർ ഏരിയാ കമ്മിറ്റിക്ക് വീഴ്ച സംഭവിച്ചതായും വിമർശനമുണ്ടായി. മട്ടന്നൂർ, പയ്യന്നൂർ ഏരിയാ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾക്കെതിരെയും യോഗത്തിൽ വിമർശനമുയർന്നു. കെ.കെ. ഷൈലജയെ പേരാവൂരിൽ മത്സരിപ്പിച്ചത് പാർട്ടിയിൽ ഒതുക്കാനാണെന്ന പ്രചാരണം ജനങ്ങൾ വിശ്വസിച്ചു. ഇത് തെരഞ്ഞെടുപ്പിൽ തിരിച്ചടിയായതായും യോഗം വിലയിരുത്തി. സ്ഥാനാർഥി നിർണയവുമായി ബന്ധപ്പെട്ട പ്രചാരണങ്ങളെ ഫലപ്രദമായി പ്രതിരോധിക്കാൻ പാർട്ടിക്ക് കഴിഞ്ഞില്ലെന്ന വിമർശനവും ചർച്ചകളിൽ ഉയർന്നു. എം.വി. ഗോവിന്ദനെതിരെ ഭാര്യയെ സ്ഥാനാർഥിയാക്കുന്നതിൽ ഇടപെട്ടെന്ന വിമർശനവും യോഗത്തിൽ ചർച്ചയായി.

എന്നാൽ കേന്ദ്രീകൃത ജനാധിപത്യ സ്വഭാവമുള്ള പാർട്ടിയിൽ ഇക്കാര്യത്തിൽ ഒരാളെ മാത്രം കുറ്റപ്പെടുത്താനാകില്ലെന്ന് ചില നേതാക്കൾ നിലപാടെടുത്തു. അതേസമയം എ.എൻ. ഷംസീറിനെ കണ്ണൂർ ജില്ലാ സെക്രട്ടറിയാക്കണമെന്ന ആവശ്യവും ചില പ്രതിനിധികൾ യോഗത്തിൽ ഉന്നയിച്ചു.

# പാരാ ഏഷ്യൻ ഗെയിംസ്; ഷൂട്ടിംഗിൽ ഇന്ത്യയ്ക്ക് ഇരട്ടത്തിളക്കം

ഐച്ചി നഗോയ: പാരാ ഏഷ്യൻ ഗെയിംസ് ഷൂട്ടിങ്ങിൽ സ്വർണവും വെള്ളിയും സ്വന്തമാക്കി ഇന്ത്യ. വനിതകളുടെ 10 മീറ്റർ എയർ റൈഫിൾ എച്ച്എച്ച് വൺ വിഭാഗത്തിലാണ് മോണ അഗർവാളും അവനി ലേഖാരയും രാജ്യത്തിനായി ഇരട്ട മെഡൽ നേട്ടം സ്വന്തമാക്കിയത്. മോണ അഗർവാൾ സ്വർണം നേടിയപ്പോൾ അവനി ലേഖാര വെള്ളി നേടി.ഷൂട്ടിങ്ങിൽ ഒരേ ഇനത്തിൽ സ്വർണവും വെള്ളിയും ഇന്ത്യ നേടുന്നത് ചരിത്രത്തിലാദ്യമായാണ്. 250 പോയിൻറ് നേടിയാണ് മോണ സ്വർണത്തിലെത്തിയത്. 249.6 പോയിൻറുമായി അവനി വെള്ളി ഉറപ്പിച്ചു. ദക്ഷിണ കൊറിയയുടെ ലീ യുൻ ടി വെങ്കലം നേടി. പാരീസ് പാരാലിമ്പിക്സിൽ ഇതേ ഇനത്തിൽ മോണ അഗർവാൾ വെങ്കലം നേടിയിരുന്നു. ഷൂട്ടിംഗ് ലോകകപ്പിൽ മിക്സഡ് ടീം ഇനത്തിൽ വെള്ളിയും മോണ സ്വന്തമാക്കിയിട്ടുണ്ട്.

നേരത്തെ നടന്ന പുരുഷന്മാരുടെ ഇനത്തിൽ സ്വരൂപ് ഉൻഹാൽക്കർ നാലാം സ്ഥാനത്തെത്തി. പാരാ–ആർച്ചറിയിൽ ശീതൾ ദേവി വനിതകളുടെ കോംപൗണ്ട് യോഗ്യതാ റൗണ്ടിൽ 720 ൽ 704 സ്കോർ ചെയ്തുകൊണ്ട് ലോക റിക്കാർഡിനൊപ്പമെത്തുകയും പുതിയ ഏഷ്യൻ റിക്കാർഡ് കുറിക്കുകയും ചെയ്തു. ജൂഡോയിൽ വനിതകളുടെ 52 കിലോഗ്രാം വിഭാഗത്തിൻറെ ഫൈനലിലേക്ക് മുന്നേറിക്കൊണ്ട് കോകില ഇന്ത്യക്ക് മെഡൽ ഉറപ്പാക്കി. നിലവിൽ മെഡൽ പട്ടികയിൽ ഇന്ത്യ രണ്ടാമതാണ്. ചൈനയാണ് ഒന്നാമത്.

# റിയാസിന് കുരുക്ക് മുറുകുന്നു: ഹവാല പണമൊഴുക്കിൻറെ ചുരുളഴിക്കാൻ ഇഡി; അന്വേഷണം ദുബായിലേക്ക്

തിരുവനന്തപുരം: മാസപ്പടിയുമായി ബന്ധപ്പെട്ട ഹവാലകേസ് അന്വേഷണം ദുബായിലേക്ക്. കേസുമായി ബന്ധപ്പെട്ട വിവരങ്ങൾ ദുബായിൽ നിന്ന് ശേഖരിക്കാനുള്ള നീക്കം എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് ആരംഭിച്ചു. മുൻ മുഖ്യമന്ത്രി പിണറായി വിജയനും മുൻ മന്ത്രി മുഹമ്മദ് റിയാസും പ്രതികളായ കേസിൽ വിദേശത്തുനിന്ന് തെളിവുകൾ ശേഖരിക്കാനാണ് അന്വേഷണ ഏജൻസിയുടെ നീക്കം.

ഒരു രാജ്യത്തുനിന്ന് മറ്റൊരു രാജ്യത്തേക്ക് തെളിവുകൾ ശേഖരിക്കുന്നതിനായി വിവരങ്ങൾ ആവശ്യപ്പെടാൻ ഉപയോഗിക്കുന്ന നിയമരേഖയായ ലെറ്റേഴ്സ് റോഗേറ്ററി കൈമാറുന്നതിനുള്ള നടപടികളാണ് ഇഡി ആലോചിക്കുന്നത്. ഇതിനായി പിഎംഎൽഎ കോടതിയിൽനിന്ന് അനുമതി നേടിയശേഷം വിദേശകാര്യ മന്ത്രാലയത്തെ സമീപിക്കാനാണ് തീരുമാനം.

ദുബായിലെ ബന്ധപ്പെട്ട ഏജൻസികളിൽനിന്ന് വിവരങ്ങൾ തേടുന്നതിനൊപ്പം ഹവാല വഴി പണം കൈമാറിയെന്ന് ആരോപിക്കപ്പെടുന്ന അക്കൗണ്ടുകളുടെ വിശദാംശങ്ങളും ശേഖരിക്കും. വിദേശത്തേക്ക് പണം കൈമാറിയതുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകളുടെ വിവരങ്ങൾ അന്വേഷണത്തിൽ നിർണായകമാകുമെന്നാണ് ഇഡിയുടെ വിലയിരുത്തൽ.

2024 ജൂലൈ മുതൽ 2025 ജൂലൈ വരെ മുഹമ്മദ് റിയാസ് സുഹൃത്തുക്കളുമായി ചേർന്ന് ഹവാല ഇടപാടുകൾ നടത്തിയെന്നാണ് ഇഡിയുടെ ആരോപണം. ഈ ഇടപാടുകളുമായി ബന്ധപ്പെട്ട സാമ്പത്തിക വിവരങ്ങൾ പരിശോധിക്കുന്നതിൻറെ ഭാഗമായാണ് ദുബായിൽനിന്ന് തെളിവുകൾ ശേഖരിക്കാൻ നീക്കം നടത്തുന്നത്.

വരുമാന സ്രോതസിന് അപ്പുറമുള്ള 20 കോടിയിലധികം രൂപയുടെ പണമിടപാടുകൾ നടന്നിട്ടുണ്ടെന്നാണ് ഇഡി പറയുന്നത്. വീണയുടെ വീട്ടിൽനിന്ന് പിടിച്ചെടുത്ത റെഡ് ബുക്കിൽ ഇതു സംബന്ധിച്ച വിവരങ്ങളുണ്ടെന്നും റിയാസിൻറെ നിർദേശപ്രകാരം ഹവാല ചാനലിലൂടെ അഞ്ചുതവണയായി 1.2 കോടി രൂപ വിദേശത്തേക്ക് കൊണ്ടുപോയെന്ന് സുഹൃത്തുക്കൾ മൊഴിനൽകിയിട്ടുണ്ടെന്നും ഇഡിപറയുന്നു.

# പോഷകാഹാരക്കുറവ് മൂലം കുഞ്ഞ് മരിച്ച സംഭവം; ബാലാവകാശ കമ്മീഷൻ കേസെടുത്തു

ആലപ്പുഴ: പോഷകാഹാരക്കുറവിനെ തുടർന്ന് രണ്ടുവയസുകാരൻ മരിച്ച സംഭവത്തിൽ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സ്വമേധയാ കേസെടുത്തു. കാർത്തികപ്പള്ളിയിൽ നടന്ന സംഭവത്തിൽ മാധ്യമവാർത്തകളുടെ അടിസ്ഥാനത്തിലാണ് കമ്മീഷൻറെ നടപടി. സംഭവത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ, കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ജില്ലാ ശിശുസംരക്ഷണ ഓഫീസർ, ഗ്രാമപഞ്ചായത്ത് ഐസിഡിഎസ് സൂപ്പർവൈസർ എന്നിവരോട് കമ്മീഷൻ വിശദീകരണം തേടി.കാർത്തികപ്പള്ളി സ്വദേശികളായ രാജേഷ്-താര ദമ്പതികളുടെ മകനാണ് മരിച്ചത്. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പോഷകാഹാരക്കുറവാണ് മരണകാരണമെന്നാണ് വ്യക്തമാക്കുന്നത്. മാതാപിതാക്കളുടെ പരിചരണത്തിലുണ്ടായ വീഴ്ചയാണ് കുഞ്ഞിൻറെ മരണത്തിലേക്ക് നയിച്ചതെന്നാണ് പൊലിസിൻറെ പ്രാഥമിക നിഗമനം. എന്നാൽ സംഭവത്തിൽ മറ്റെന്തെങ്കിലും ദുരൂഹതകളുണ്ടോയെന്നും പൊലിസ് പരിശോധിച്ചുവരികയാണ്. വിശദമായ പരിശോധനകൾ പൂർത്തിയാക്കിയ ശേഷമേ അന്വേഷണം അവസാനിപ്പിക്കൂവെന്ന് പൊലിസ് അറിയിച്ചു. കഴിഞ്ഞ പത്ത് വർഷത്തിനിടെ താര ഏഴ് കുഞ്ഞുങ്ങൾക്ക് ജന്മം നൽകി. ഇതിൽ ഒരു കുഞ്ഞ് നേരത്തേ മരിച്ചിരുന്നു. അതേസമയം കുട്ടികളുടെ പരിപാലനത്തിൽ മാതാപിതാക്കൾ വീഴ്ച വരുത്തിയിരുന്നതായി നാട്ടുകാർ ആരോപിച്ചു. വീട്ടിലെ മറ്റ് കുട്ടികളുടെ സുരക്ഷയും ക്ഷേമവും കണക്കിലെടുത്ത് അവരെ സർക്കാർ സംരക്ഷണകേന്ദ്രത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

# പാലം യാഥാർഥ്യമാക്കാൻ പണിപ്പെട്ടു, ഉദ്ഘാടനത്തിന് വിളിച്ചില്ല; അവഗണനയിൽ പൊട്ടിത്തെറിച്ച് ജി. സുധാകരൻ

ആലപ്പുഴ: മാക്കേക്കടവ്–നേരേകടവ് പാലത്തിൻറെ ഉദ്ഘാടനച്ചടങ്ങിൽ തന്നെ ക്ഷണിക്കാത്തതിൽ അതൃപ്തി പരസ്യമാക്കി ജി.സുധാകരൻ എംഎൽഎ. പാലം നിർമാണത്തിന് തുടക്കമിട്ട തനിക്ക് ഉദ്ഘാടനച്ചടങ്ങിലേക്ക് ഒരു ക്ഷണക്കത്ത് പോലും ലഭിച്ചില്ലെന്ന് അദ്ദേഹം ഫേസ്ബുക്ക് കുറിപ്പിലൂടെ വ്യക്തമാക്കി.

ഒന്നാം പിണറായി സർക്കാരിൻറെ കാലത്ത് പൊതുമരാമത്ത് മന്ത്രിയായിരിക്കെയാണ് പാലം നിർമാണത്തിനായി 80 കോടി രൂപ അനുവദിച്ച് പദ്ധതിക്ക് തുടക്കമിട്ടതെന്ന് ജി. സുധാകരൻ ഓർമിപ്പിച്ചു.

എന്നാൽ പാലം ഉദ്ഘാടനച്ചടങ്ങിൽ നിർമാണവുമായി നേരിട്ട് ബന്ധപ്പെട്ടവരിൽ മുൻ എംഎൽഎ എ.എം.ആരിഫ് മാത്രമാണ് ഉണ്ടായിരുന്നതെന്നും അദ്ദേഹം കുറിച്ചു.

പാലം യാഥാർഥ്യമാക്കുന്നതിന് പിന്നിലെ പ്രവർത്തനങ്ങളും പ്രയാസങ്ങളും ഇപ്പോഴത്തെ മുഖ്യമന്ത്രിക്കും പൊതുമരാമത്ത് മന്ത്രിക്കും പൂർണമായി അറിയണമെന്നില്ല. എന്നാൽ ഷാനിമോൾ ഉസ്മാന് ഇക്കാര്യങ്ങൾ നന്നായി അറിയാമായിരുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. എന്നാൽ പദ്ധതി യാഥാർഥ്യമാക്കാൻ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങളെന്നും അദ്ദേഹം കുറിച്ചു.

# കോവളം സ്പാ പീഡന കേസ്; എസ്ഐടി രൂപീകരിച്ചു

തിരുവനന്തപുരം: കോവളം സ്പാ പീഡനക്കേസിൽ എസ്ഐടി അന്വേഷണം പ്രഖ്യാപിച്ചു. സൈബർ വിദഗ്ധർ ഉൾപ്പെടുന്ന സംഘമാണ് കേസ് അന്വേഷിക്കുന്നത്. അന്വേഷണത്തിൻറെ ഭാഗമായി സ്പാകളിൽ എത്തിയവരുടെ വിവരങ്ങൾ ശേഖരിച്ചുവരികയാണ്. പെൺകുട്ടിയെ ഉപദ്രവിച്ചവരെ തിരിച്ചറിയുന്നതിനായി തിരിച്ചറിയൽ പരേഡ് നടത്താനും അന്വേഷണ സംഘം തീരുമാനിച്ചിട്ടുണ്ട്.

കേസിൽ കൂടുതൽ പേർ പ്രതികളാകുമെന്നാണ് സൂചന. ആന്ധ്രാസ്വദേശിയായ പെൺകുട്ടി ചെന്നൈയിലും പീഡനത്തിന് ഇരയായതായി അന്വേഷണത്തിൽ വിവരം ലഭിച്ചിട്ടുണ്ട്. സംഭവത്തിന് പിന്നിൽ അന്തർസംസ്ഥാന റാക്കറ്റ് പ്രവർത്തിച്ചിട്ടുണ്ടോയെന്നും പൊലിസ് പരിശോധിക്കുന്നുണ്ട്. അച്ഛനും അമ്മയും മരിച്ചതിനെത്തുടർന്ന് അമ്മയുടെ സഹോദരിയുടെ സംരക്ഷണയിൽ കഴിഞ്ഞിരുന്ന പെൺകുട്ടിയെ കഴിഞ്ഞ ജൂലൈയിലാണ് ബന്ധുക്കൾ കോവളത്ത് എത്തിച്ചത്.

തുടർന്ന് വിവിധ സ്പാകളിൽ നിർത്തി കുട്ടിയെ ലൈംഗിക ചൂഷണത്തിന് ഇരയാക്കിയെന്നാണ് ആരോപണം. പീഡനം സഹിക്കാനാകാതെ വന്നതോടെ സ്പായിലുണ്ടായിരുന്ന മലയാളിയായ യുവാവിനൊപ്പം പെൺകുട്ടി രക്ഷപ്പെടുകയായിരുന്നു. പിന്നീട് പെൺകുട്ടിയെ കാണാതായതോടെ കുട്ടിയെ പണം വാങ്ങി കൈമാറിയെന്ന് ആരോപണമുള്ള ഇളയമ്മ തന്നെയാണ് പൊലിസിൽ പരാതി നൽകിയത്. ഈ പരാതിയിൽ നടത്തിയ അന്വേഷണത്തിനിടെയും കൗൺസിലിങ്ങിലൂടെയുമാണ് പീഡനവിവരങ്ങൾ പുറത്തുവന്നത്.

കേസുമായി ബന്ധപ്പെട്ട് നാഗലക്ഷ്മി, ഗോപി, രണ്ട് സ്പാ ഉടമകൾ എന്നിവരാണ് നിലവിൽ അറസ്റ്റിലായിട്ടുള്ളത്. ആന്ധ്രയിൽ പിടിയിലായ പെൺകുട്ടിയുടെ ഇളയമ്മയെയും ഭർത്താവിനെയും ഇന്ന് തിരുവനന്തപുരത്ത് എത്തിക്കും. അതേസമയം സ്പാകളുടെ നടത്തിപ്പിൽ ബിനാമി ഇടപാടുകൾ നടന്നിട്ടുണ്ടെന്ന സംശയത്തെത്തുടർന്ന് തിരുവനന്തപുരം നഗരസഭയിലെ ഒരു ഹെൽത്ത് ഇൻസ്പെക്ടറുടെ പങ്കും പൊലിസ് അന്വേഷിക്കുന്നുണ്ട്.

# ടൈഗർ ഷ്റോഫിനെ വധിക്കാൻ ശ്രമിച്ച കേസ്; മൂന്നുപേർ പിടിയിൽ

മുംബൈ: ബോളിവുഡ് നടൻ ടൈഗർ ഷ്റോഫിനെ വധിക്കാൻ ശ്രമിച്ച കേസിൽ മൂന്ന് പ്രതികളെ പൊലിസ് അറസ്റ്റ് ചെയ്തു. രാജസ്ഥാനിലെ കോട്ട റെയിൽവേ സ്റ്റേഷനിൽ നിന്നാണ് ഇവർ പിടിയിലായതെന്നും ട്രെയിനിൽ യാത്ര ചെയ്യുന്നതിനിടെയാണ് പ്രതികളെ പിടികൂടിയതെന്നും അന്വേഷണ സംഘം വ്യക്തമാക്കി.

പ്രതികളിൽ രണ്ടുപേർ ഹരിയാന സ്വദേശികളും ഒരാൾ മഹാരാഷ്ട്ര സ്വദേശിയുമാണ്. മൂന്നുപേർക്കും ലോറൻസ് ബിഷ്ണോയി സംഘവുമായി ബന്ധമുണ്ടെന്നാണ് സംശയം. നടൻറെ നീക്കങ്ങൾ മുൻകൂട്ടി നിരീക്ഷിച്ച് ആക്രമണം ആസൂത്രണം ചെയ്ത് പരിശീലനം ലഭിച്ച അക്രമികളാണ് സംഭവത്തിന് പിന്നിലെന്നാണ് അന്വേഷണ ഏജൻസികളുടെ നിഗമനം.ടൈഗർ ഷ്റോഫ് എല്ലാ ഞായറാഴ്ചയും ജുഹുവിലെ ഫുട്ബോൾ ഗ്രൗണ്ടിൽ എത്താറുണ്ടെന്ന വിവരം പ്രതികൾക്ക് അറിയാമായിരുന്നുവെന്നാണ് അന്വേഷണ സംഘത്തിൻറെ വിലയിരുത്തൽ. താരത്തിൻറെ പതിവുകളും യാത്രകളും നിരീക്ഷിച്ച പ്രതികൾ അദ്ദേഹം കാറിൽ മടങ്ങുന്നതിനിടെ വെടിവെപ്പ് നടത്താൻ പദ്ധതിയിടുകയായിരുന്നു. വെടിവെപ്പിന് പിന്നാലെ എസ്‌വി റോഡ് വഴി അന്ധേരി കടന്നാണ് പ്രതികൾ രക്ഷപ്പെട്ടതെന്നാണ് റിപ്പോർട്ട്. തുടർന്ന് അന്ധേരി വെസ്റ്റ് റെയിൽവേ സ്റ്റേഷന് സമീപം ബൈക്ക് ഉപേക്ഷിച്ച് ബോറിവലിയിലേക്കുള്ള ട്രെയിനിൽ കയറി. പിന്നീട് മഹാരാഷ്ട്ര അതിർത്തി കടന്ന് ഗുജറാത്തിലേക്ക് കടക്കുകയായിരുന്നു. അതേസമയം രാജസ്ഥാനിൽ അറസ്റ്റിലായ പ്രതികളെ മുംബൈയിൽ എത്തിക്കാനുള്ള നടപടികൾ ആരംഭിച്ചു.

# തകർച്ചയിൽ നിന്ന് കരകയറി; ഒഡീഷയ്ക്കെതിരെ കേരളത്തിന് മികച്ച സ്കോർ

തിരുവനന്തപുരം: രഞ്ജി ട്രോഫി ക്രിക്കറ്റിൽ ഒഡീഷയ്ക്കെതിരെ കേരളത്തിന് മികച്ച സ്കോർ. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടക്കുന്ന മത്സരത്തിൽ മുഹമ്മദ് അസറുദ്ദീൻറെയും (139) സച്ചിൻ ബേബിയുടെയും (113) സെഞ്ചുറിക്കരുത്തിൽ ഒന്നാം ഇന്നിംഗ്സിൽ കേരളം 404 റൺസ് നേടി.

ആറ് വിക്കറ്റിന് 245 റൺസ് എന്ന നിലയിൽ രണ്ടാം ദിനം ബാറ്റിംഗ് തുടങ്ങിയ കേരളത്തിനായി ഏഴാം വിക്കറ്റിൽ അസ്ഹറുദ്ദീനും ആദിത്യ സർവാതേയും 99 റൺസ് കൂട്ടുകെട്ടുണ്ടാക്കി.

77 പന്തിൽ ഏഴ് ഫോറിൻറെ സഹായത്തോടെ 53 റൺസ് അടിച്ച ആദിത്യയെ പുറത്താക്കി രാജേഷാണ് ഈ കൂട്ടുകെട്ട് പൊളിച്ചത്. പിന്നീട് കേരളത്തിന് അധികം പിടിച്ചുനിൽക്കാനായില്ല.

അഭിജിത് പ്രവീൺ 14 റൺസിനും വൈശാഖ് ചന്ദ്രൻ ഒരു റണ്ണിനും പുറത്തായി. എം.ഡി.നിധീഷിൻറെ സമ്പാദ്യം 15 റൺസായിരുന്നു. ഒഡീഷയ്ക്കായി ലളിത് യാദവ് മൂന്ന് വിക്കറ്റുകൾ വീഴ്ത്തിയപ്പോൾ രാജേഷ് മൊഹന്തിയും സൗമ്യ ലെങ്കയും രണ്ട് വിക്കറ്റ് വീതം നേടി. ആദ്യ ദിനത്തിൽ തകർച്ച നേരിട്ട കേരളത്തെ സച്ചിൻ ബേബിയും അസറുദ്ദീനും ചേർന്നാണ് കരകയറ്റിയത്.

# ബോംബ് ഭീഷണി; വിമാനത്തിന് അടിയന്തര ലാൻഡിംഗ്

ടെൽ അവീവ്: ഇസ്രയേൽ തലസ്ഥാനമായ ടെൽ അവീവിൽനിന്ന് ഓസ്ട്രിയൻ തലസ്ഥാനമായ വിയന്നയിലേക്ക് പുറപ്പെട്ട വിമാനത്തിന് ബോംബ് ഭീഷണി. ഭീഷണിയെ തുടർന്ന് ഓസ്ട്രിയൻ എയർലൈൻസ് വിമാനം ബൾഗേറിയൻ തലസ്ഥാനമായ സോഫിയയിൽ അടിയന്തര ലാൻഡിംഗ് നടത്തി. വിമാനത്തിലുണ്ടായിരുന്ന 57 പേരും സുരക്ഷിതരാണെന്ന് അധികൃതർ പറഞ്ഞു.

ഓസ്ട്രിയൻ എയർലൈൻസിൻറെ ഒഎസ് 82 എന്ന എയർബസ് എ320 വിമാനത്തിനാണ് ഭീഷണി നേരിടേണ്ടിവന്നത്. 51 യാത്രക്കാരും ആറ് ജീവനക്കാരുമാണ് വിമാനത്തിലുണ്ടായിരുന്നത്. വിയന്നയിലേക്ക് യാത്ര തുടരുന്നതിനിടെ റൊമാനിയൻ അതിർത്തിക്ക് സമീപത്തുവെച്ചാണ് ബോംബ് ഭീഷണി സിഗ്നൽ ലഭിച്ചതെന്ന് ഓസ്ട്രിയൻ അധികൃതർ അറിയിച്ചു.

തുടർന്ന് വിമാനം സോഫിയ വിമാനത്താവളത്തിലേക്ക് തിരിച്ചുവിടുകയായിരുന്നു. വിമാനം നിലത്തിറങ്ങുന്നതുവരെ വ്യോമസേനയുടെ യുദ്ധവിമാനം അകമ്പടി നൽകി. യാത്രക്കാരെ സുരക്ഷിതമായി പുറത്തിറക്കിയശേഷം വിമാനത്തിൽ വിശദമായ പരിശോധന നടത്തിയെങ്കിലും ഒന്നും കണ്ടെത്തിയില്ല.